# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചിറക്കടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-
കെ.ടി.എം.പി.5-1752/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.5-1752/2024 തീയ്യതി: 15/11/2024

## കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-06-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 07-10-2024 | 17-10-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-10-2024 | 17-10-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഉണ്ണികൃഷ്ണൻ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ
കുമാരി സിനിമോൾ എബ്രഹാം, ഓഡിറ്റർ (10.10.2024 മുതൽ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീകുമാരൻ നായർ സി ആർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി ബിൻസി ചെറിയാൻ | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീമതി ഷീന എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 03-07-2023 |
| ശ്രീമതി ചിത്ര എസ് | സെക്രട്ടറി | 04-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീന എസ് | അസി. സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീമതി സിന്ധുമോൾ എസ് | അസി. സെക്രട്ടറി | 11-07-2023 | 31-03-2024 |
| ശ്രീമതി യമുന ജോസ് | കൃഷി ഓഫീസർ | 01-04-2023 | 14-11-2023 |
| ശ്രീമതി സ്വപ്ന രാജ് | കൃഷി ഓഫീസർ | 15-11-2023 | 31-03-2024 |
| ഡോ. നിഷാദ് മുഹമ്മദ് | മെഡിക്കൽ ഓഫീസർ , സി എച്ച് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| | സി | | |
| ഡോ. ചാണ്ടി ഇ ഡാനിയേൽ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി മോളമ്മ എം സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 15-11-2023 |
| ശ്രീ. മുഹമ്മദ് ഫൈസൽ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി ആര്യ എസ് കണ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2023 | 09-05-2023 |
| ശ്രീ. രഘു എം ഡി | വി ഇ ഓ - ചെറുവള്ളി സർക്കിൾ | 01-04-2023 | 20-07-2023 |
| ശ്രീമതി സുഷ ഹരി | വി ഇ ഓ - ചെറുവള്ളി സർക്കിൾ | 21-07-2023 | 24-01-2024 |
| ശ്രീ. ജോർജ് സാവിയോ | വി ഇ ഓ - പൊൻകുന്നം സർക്കിൾ | 01-04-2023 | 14-12-2023 |
| ശ്രീമതി ആൻസി ജോസ് | വി ഇ ഓ - പൊൻകുന്നം സർക്കിൾ | 15-12-2023 | 31-03-2024 |
| ഡോ. അരുൺ റ്റി.എസ്. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. പ്രഹ്ലാദ് കെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 18-09-2023 |
| ഡോ. ബേനസീർ കെ.ഐ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-09-2023 | 31-03-2024 |
| ശ്രീമതി ജലജ കുമാരി പി.എസ്, വാഴൂർ ICDS (അധിക ചുമതല) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2023 | 31-03-2024 |
| ശ്രീ. അഖിൽ ദേവ് മൻമഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. ഷാനവാസ് ഇ , വെള്ളാവൂർ എ.ഇ (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി ) | 10-05-2023 | 05-09-2023 |
| ശ്രീ. രജിത്ത് എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി ) | 06-09-2023 | 31-03-2024 |
| ശ്രീ. അരുൺ പി സുരേന്ദ്രൻ | വി ഇ ഓ (ഇൻ ചാർജ് ) - ചെറുവള്ളി സർക്കിൾ | 25-01-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-3 |
| 5 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-4 |
| 6 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-5 |
| 7 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല. | 1-1-8 |
| 10 | പൊരുത്തപ്പെടുത്തൽ പത്രിക ലഭ്യമാക്കിയില്ല | 1-1-9 |
| 11 | അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല | 1-1-11 |
| 13 | മുൻവർഷങ്ങളിലെ അക്രുവൽ വരവുകൾക്ക് കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്യുന്നില്ല | 1-1-12 |
| 14 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-13 |
| 15 | Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല. | 1-1-14 |
| 16 | Beneficiary Contribution ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല. | 1-1-15 |
| 17 | ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല. | 1-1-16 |
| 18 | ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ട മൂല്യത്തിൽ അധികരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-17 |
| 19 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 20 | വാടക നിക്ഷേപം തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. | 1-1-19 |
| 21 | വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന നിക്ഷേപത്തിന്റെ കണക്കുകളിൽ അവ്യക്തത | 1-1-20 |
| 22 | സംസ്ഥാന വൈദ്യുതി ബോർഡിൽ തൻവർഷം നിക്ഷേപിച്ച 200000/- രൂപ നിക്ഷേപമായി അക്കൗണ്ട് ചെയ്തില്ല. | 1-1-21 |
| 23 | Festival Advance ശീർഷകത്തിൽ ഉൾപ്പെട്ട തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല. | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഗ്രാന്റ് വിനിയോഗം | 1-4 |
| 27 | പദ്ധതിഅവലോകനം. | 1-5 |
| 28 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 29 | ക്ഷേമ പദ്ധതികൾ | 1-7 |
| 30 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 31 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-11 |
| 34 | വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറനിർമ്മിതി നികുതി വർദ്ധനവിന് പരിഗണിച്ചില്ല. | 1-12 |
| 35 | ഒരേ റോഡ് തന്നെ വിവിധ തരംതിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 36 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-14 |
| 37 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-15 |
| 38 | വസ്തുനികുതി പരിഷ്കരണം - ഫീൽഡ് പരിശോധന നിർത്തിവച്ചു | 1-16 |

| | | |
|---|---|---|
| 39 | 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-17 |
| 40 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-18 |
| 41 | സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല - തൊഴിൽ നികുതി ചുമത്തലിൽ അപാകത | 1-19 |
| 42 | പ്രൊഫഷണലുകളുടെയും കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-20 |
| 43 | വിനോദ നികുതി - പിഴത്തുക കണക്കാക്കിയതിൽ അപാകത, തുക അടവാക്കിയില്ല | 1-21 |
| 44 | പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-22 |
| 45 | പെർമിറ്റ് ഫീസ് - സ്ലാബ് നിർണയിച്ചതിൽ ആകെ നിർമ്മിത വിസ്തൃതി പരിഗണിച്ചില്ല | 1-23 |
| 46 | ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കി | 1-24 |
| 47 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-25 |
| 48 | വാടക - അപാകതകൾ | 1-26 |
| 49 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ - വരവിന്റെ ആധികാരികത വ്യക്തമല്ല | 1-27 |
| 50 | ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല. | 1-28 |
| 51 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല. | 1-29 |
| 52 | പഞ്ചായത്ത് ഫണ്ടിലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല | 1-30 |
| 53 | പഞ്ചായത്ത് ഫണ്ടിലുള്ള ജില്ലാ പഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ വിശദാംശം ലഭ്യമല്ല. | 1-31 |
| 54 | മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം സൂക്ഷിച്ചിട്ടില്ല - കണക്കുകളിൽ അവ്യക്തത | 1-32 |
| 55 | സർക്കാർ റിക്കവറി ഇനത്തിൽ 2.21 ലക്ഷം രൂപ ദീർഘകാലമായി ഒടുക്കുന്നില്ല | 1-33 |
| 56 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക തിരികെ അടവാക്കിയത്- തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു | 1-34 |
| 57 | മാവേലി സ്റ്റോർ പ്രവർത്തനത്തിനുള്ള കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങാൻ തുക ചെലവഴിച്ചു - മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല | 1-35 |
| 58 | തെരുവ് വിളക്ക് മെയിന്റനൻസ് - പ്രവൃത്തിയിലെ അപാകതകൾ | 1-36 |
| 59 | ബെയ് ലിംഗ് മെഷീൻ വാങ്ങൽ - മെഷീൻ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-37 |
| 60 | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് - അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ് | 1-38 |
| 61 | കർഷക മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -നിർമ്മാണം പൂർത്തിയായില്ല. | 1-39 |
| 62 | ആൽത്തറ- ആലപ്പാട്ടുപടി കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചിട്ടില്ല. | 1-40 |
| 63 | എസ്റ്റിമേറ്റിൽ വകയിരുത്തിയതിലും അധിക നിരക്കിൽ ജി.എസ്.റ്റി- അനുവദിച്ചു. | 1-41 |
| 64 | അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-42 |
| 65 | കുടിവെള്ള ടാങ്ക് വിതരണ പദ്ധതി - 21,063/- രൂപയുടെ അധിക ചെലവ് | 1-43 |
| 66 | ലൈഫ് ഭവന പദ്ധതി - വായ്പ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു | 1-44 |
| 67 | ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-45 |
| 68 | ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-46 |
| 69 | സഖി - വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-47 |
| 70 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് വിതരണ പദ്ധതി - അധികം തുക അനുവദിച്ച് നൽകി | 1-48 |
| 71 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-49 |
| 72 | വൃദ്ധർക്ക് കട്ടിൽ വിതരണ പദ്ധതി - ചെലവ് തുകയിൽ അവ്യക്തത | 1-50 |
| 73 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-51 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20/06/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 15.11.2024** **ഡെപ്യൂട്ടിഡയറക്ടർ**

### 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2024 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

**1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**1-1-4 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല**

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

**1-1-5 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല**

2023-24 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 2.58 കോടി രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ (Depreciation Calculation Sheet) സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

**1-1-6 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല**

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ ഫണ്ടുകളുടെയും മുൻബാക്കി വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ്, നിർമൽ പുരസ്കാർ, ശുചിത്വ മിഷൻ ഗ്രാന്റ് എന്നിവയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

**1-1-7 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വിവിധ മുൻകൂറുകൾ, ഏജൻസികളിൽ നിക്ഷേപിച്ച തുക എന്നിവയുടെ 01/04/2023 ലെ മുന്നിരിപ്പ് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. 2023-24 ലെ അഡ്വാൻസ് രജിസ്റ്ററിൽ വിവിധ മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല.**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-9 പൊരുത്തപ്പെടുത്തൽ പത്രിക ലഭ്യമാക്കിയില്ല**

RP 40(a), RP 40(b) എന്നിവയിൽ ട്രഷറി ഓൺഫണ്ട് VPF GPD-(1), VPFTP-(247) എന്നിവയിൽ യഥാക്രമം 1691572, 1702 രൂപ നീക്കിയിരുപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.

**1-1-10 അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

അക്രുവൽ വരവുകളായ കെട്ടിട വാടക, തൊഴിൽ നികുതി (സ്ഥാപനം), ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക കുടിശിക ബാലൻസ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

**1-1-11 Prior Period ആയി ക്രമീകരിച്ച വരവുകളുടെ ആധികാരികത വ്യക്തമല്ല**

മുൻവർഷ വരവായി ക്രമീകരിക്കപ്പെട്ട 2275343/- രൂപയുടെ ആധികാരികത സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. Prior Period ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി ധനകാര്യ പത്രികയോടൊപ്പം ലഭ്യമാക്കേണ്ടതായിരുന്നു.

**1-1-12 മുൻവർഷങ്ങളിലെ അക്രുവൽ വരവുകൾക്ക് കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്യുന്നില്ല**

മുൻവർഷങ്ങളിലെ തൊഴിൽ നികുതി (ട്രേഡർ), ലൈസൻസ് ഫീസ് എന്നിവ 1,30,060/- രൂപ ലഭിച്ചത് അക്രുവൽ എൻട്രി നടത്താതെ നേരിട്ട് വരവായി സ്വീകരിച്ചു. അക്രുവൽ വരവുകൾ മുൻ വർഷങ്ങളിലേത് ലഭിക്കുമ്പോൾ Prior Period ഇനത്തിൽ കുടിശിക ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം വരവ് സ്വീകരിക്കേണ്ടതായിരുന്നു.

**1-1-13 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.**

340100201 - Contractors Security Deposit, ഇനത്തിലെ തുകയുടെ വിശദാംശം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

**1-1-14 Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ബാക്കി നിൽക്കുന്ന തുകയ്ക്ക് വിശദീകരണം**

**ലഭ്യമാക്കിയില്ല.**

വാർഷിക കണക്ക് B-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ബാക്കി നിൽക്കുന്ന 1504177/- രൂപയ്ക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

**1-1-15 Beneficiary Contribution ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല.**

Beneficiary Contribution ഇനത്തിൽ ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്ന 1263600/- രൂപയുടെ മുന്നിരിപ്പ് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. 2023-24 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-16 ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല.**

31/03/2024 ബാലൻസ് ഷീറ്റ്, ബി-4 ഷെഡ്യൂൾ പ്രകാരം ബാധ്യതയായുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായ 1695952/- രൂപയുടെ വിശദാംശം എ.സി.ആർ – ൽ ലഭ്യമല്ല. മേൽതുക യഥാവിധി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ അടവാക്കിയോ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

**1-1-17 ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ട മൂല്യത്തിൽ അധികരിച്ച് അക്കൗണ്ട് ചെയ്തിരിക്കുന്നു.**

31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം റോഡുകളും പാലങ്ങളും ഇനത്തിൽ 2.46 കോടി രൂപയുടെ ആസ്തി മാത്രമാണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ റോഡുകളും പാലങ്ങളും ഇനത്തിലുള്ള 31/03/2024 ലെ സഞ്ചിത മൂല്യശോഷണം 3.78 കോടി രൂപയായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

**1-1-18 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.**

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-Paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല. മേൽ ഷെഡ്യൂളുകൾ തമ്മിൽ 11,80,985/- രൂപയുടെ വ്യത്യാസമാണുള്ളത്. എന്നാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ളത് 367706/- രൂപ മാത്രമാണ്. തുകയിലെ വ്യത്യാസം സംബന്ധിച്ച Notes On Account തയ്യാറാക്കിയിട്ടില്ല.

**1-1-19 വാടക നിക്ഷേപം തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.**

പഞ്ചായത്തിന് ഒരു കോടിയിലധികം രൂപ വാടക നിക്ഷേപമിനത്തിൽ ലഭ്യമായിട്ടുണ്ട്. മുഴുവൻ തുകയും 340200201-Rent Deposit എന്ന കണക്ക് ശീർഷകത്തിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 33,696/- രൂപ മാത്രമാണ് മേൽ ശീർഷകത്തിൽ വരവ് വെച്ചിട്ടുള്ളത്. ബാക്കി തുക 340109901 - Other Deposits ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

**1-1-20 വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന നിക്ഷേപത്തിന്റെ കണക്കുകളിൽ അവ്യക്തത**

വാർഷിക കണക്കുകളിൽ വിവിധ ഏജൻസികളിലെ നിക്ഷേപത്തിന്റെ ആധികാരികത വ്യക്തമാക്കേണ്ട അടിസ്ഥാന രജിസ്റ്ററായ Advance Register-ൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്തിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിലെ നിക്ഷേപത്തിൽ 22,40,000/- രൂപ ചെലവഴിക്കാതെ തിരിച്ചടച്ചിരുന്നു. എന്നാൽ മുൻകൂർ ശീർഷകത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയിൽ നിന്നും ടി തുക കുറവ് ചെയ്തിട്ടില്ല. നീക്കിയിരിപ്പ് കൃത്യമാക്കി മുൻകൂർ രജിസ്റ്ററിലെ മുന്നിരിപ്പ് ഡേറ്റാ കൃത്യമാക്കിയ ശേഷം അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

**1-1-21 സംസ്ഥാന വൈദ്യുതി ബോർഡിൽ തൻവർഷം നിക്ഷേപിച്ച 200000/- രൂപ നിക്ഷേപമായി അക്കൗണ്ട് ചെയ്തില്ല.**

നിക്ഷേപ പ്രവൃത്തിയായി 19/24 നം. പ്രോജക്ട് പ്രകാരം KSEB യിൽ നിക്ഷേപിച്ച 200000/- രൂപ 460500202 നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം ടി നിക്ഷേപ തുക 31/03/2024-ലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല. 2023-24 വർഷത്തെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയ 200000/- രൂപ നടപ്പ് വർഷം Prior Period ഇനമായി 460500202 നിക്ഷേപ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതും വിശദാശം Deposit Register-ൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ആയതിന്റെ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

**1-1-22 Festival Advance ശീർഷകത്തിൽ ഉൾപ്പെട്ട തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല.**

Festival Advance ശീർഷകത്തിൽ (460100101) ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ട 15000/- രൂപയുടെ വിശദാംശങ്ങൾ വ്യക്തമല്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 03.03.2023 ലെ 2-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.01.2024 -ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നിന്നും വരവ്-ചെലവ് കണക്കുകളിൽ പ്രകടമായ വ്യത്യാസമുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | അവതരിപ്പിച്ചത് | പുതുക്കിയത് |
| മുന്നിരിപ്പ് | 18793951 | 18793951 |
| വരവ് | 423592349 | 230612000 |
| ആകെ | 442386300 | 249405951 |
| ചെലവ് | 425115000 | 234545575 |
| നീക്കിയിരിപ്പ് | 17271300 | 14860376 |

ബജറ്റ് പ്രകാരം 42.36 കോടി രൂപ വരവും 42.51 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 16.26 കോടി രൂപയും ചെലവ് 19.08 കോടി രൂപയുമാണുള്ളത്. ഒറിജിനൽ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2024-25 വർഷത്തെ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 23-24 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിയാനം ഉണ്ട്. എന്നാൽ യഥാർത്ഥ കണക്കുകളുമായി താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. നിലവിൽ തയ്യാറാക്കുന്ന ബജറ്റ് ഡോക്യുമെന്റ് ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു പ്രാമാണിക രേഖ എന്ന നിലയിൽ ഉപയുക്തമാവുന്നില്ല. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 32389664.06 |
| ഓഡിറ്റ് വർഷത്തെ വരവ് | 98596204 |
| ആകെ | 130985868.06 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88747654 |
| നീക്കിയിരിപ്പ് | 42238214.06 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 162606251 |
| ആകെ ചെലവ് | 190834587 |
| വരുമാന നഷ്ടം | 28228336 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 922139 |
| അറ്റ പ്രവർത്തന നഷ്ടം | 29150475 |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13471306/- |

## 1-4 ഗ്രാന്റ് വിനിയോഗം

| | ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരുപ്പ് /സഞ്ചിത | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | നിധിയിലേക്ക് തിരികെ ഈടാക്കിയത് | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28786000 | 28786000 | 22548580 | 6237420 | 78.33 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5029000 | 5029000 | 3697791 | 1331209 | 73.52 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6238300 | 6238300 | 2113265 | 4125035 | 33.87 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3942600 | 3942600 | 2856837 | 1085763 | 72.46 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 245746 | 4921783 | 5167529 | 2054181 | 3113348 | 39.75 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 3403123 | 3575000 | 6978123 | 2361271 | 4616852 | 33.83 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 641111 | 16659882 | 17300993 | 17259473 | 41520 | 99.76 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 1495890 | 1861394 | 3357284 | 2966289 | 390995 | 88.35 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1093774 | 0 | 1093774 | 0 | 1093774 | 0 |
| സ്വച്ഛ് ഭാരത മിഷൻ | 653855 | 569846 | 1223701 | 1223701 | 0 | 100 |
| ഹെൽത്ത് ഗ്രാന്റ് 1 | 295904 | 1145879 | 1441783 | 753962 | 687821 | 52.29 |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 467360 | 467360 | 89413 | 377947 | 19.13 |
| സാക്ഷരത | 1038 | 12408 | 13446 | 13443 | 3 | 99.97 |
| ടി.എസ്.സി | 137376 | 0 | 137376 | 0 | 137376 | 0 |
| നിർമ്മൽ പുരസ്കാരം | 250000 | 0 | 250000 | 0 | 250000 | 0 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 3023793/- രൂപ, 399913/- രൂപ വീതം ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ്, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം വിഹിതം എന്നീ ഇനങ്ങളിൽ കുറവ് ചെയ്തതിനു ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല.
ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് വിഭാഗത്തിലെ വരവിൽ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത പലിശയും ഉൾപ്പെടുത്തിയിട്ടുണ്ട്.
ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് വിഭാഗത്തിൽ ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവ് 3176718 രൂപയും പാസ് ബുക്ക് പ്രകാരമുള്ള യഥാർഥ ചെലവ് 2361271 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം താഴെ ചേർക്കുന്നു.
1) പ്രോജക്ട് നം. 133/24 ജി ബിൻ വിതരണത്തിനുള്ള 805233 രൂപയുടെ ചെലവിനുള്ള ബിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ജനറേറ്റ് ചെയ്തത് ഗുണഭോക്തൃവിഹിതത്തിൽ നിന്നാണ് എന്ന് തെറ്റിദ്ധരിച്ച് തനത് ഫണ്ടിൽ നിന്നും നൽകി. തന്മൂലം ടി ചെലവ് അക്കൗണ്ടിൽ നിന്ന് കുറവ് വന്നില്ല.
2) പ്രോജക്ട് നം. 423/24 ടോയിലറ്റ് നിർമ്മാണത്തിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ട്രാൻസ്ഫർ ചെയ്ത് നൽകിയ 15400 രൂപ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ തിരികെ വന്നു. (തന്മൂലം പ്രസ്തുത തുകയും ACR പ്രകാരം ചെലവ് രേഖപ്പെടുത്തിയെങ്കിലും അക്കൗണ്ടിൽ കുറവ് വന്നില്ല)
3) അക്കൗണ്ടിൽ നിന്നും ഡബിറ്റ് ആയിട്ടുള്ള 5186 രൂപയുടെ ചെലവ് (ബാങ്ക് ചാർജ്) എ.സി.ആറിലും ഗ്രാന്റ് പത്രികയിലും ഉൾപ്പെടാത്തത് വാർഷിക കണക്കിൽ വന്നു.
ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-5 പദ്ധതിഅവലോകനം.**

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.2.23 ലെ 1(7)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 12.03.2024 ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 2(1)/ 15.12.2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 3.01.2022 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 5.01.2023 മുതൽ 14.01.2023 വരെ |
| ആസൂത്രണസമിതി യോഗം | 3.01.2022 |
| വികസനസെമിനാർ | 21.01.2023 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 22.04.2023 മുതൽ 3.05.2023 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 19.01.2023 |
| ഊരുകൂട്ടം | 16.01.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 427 | 232937770 | 203 | 86812982 | 224 | 47.54 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 1176410 | 10 | 1161863 |
| വെറ്റിറനറി സർജൻ | 8 | 6115000 | 7 | 4073997 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 13 | 5720303 | 13 | 2822405 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 1170000 | 3 | 1168996 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 170000 | 2 | 170000 |
| വി.ഇ.ഒ 1 | 14 | 54545861 | 11 | 18219200 |
| വി.ഇ.ഒ 2 | 13 | 6388200 | 7 | 2809564 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 7517050 | 5 | 5204577 |
| സെക്രട്ടറി | 65 | 20142507 | 37 | 9611417 |
| അസിസ്റ്റന്റ് എൻജിനീയർ | 264 | 121776214 | 92 | 37333107 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 4312280 | 3 | 2454133 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 2730239 | 10 | 1494957 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ | 8 | 1173706 | 3 | 288766 |
| ആകെ | 427 | 232937770 | 203 | 86812982 |

**<u>എ) 12779427/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>**

2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 12779427/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 28786000 | 22548580 | 6237420 |
| വികസന ഫണ്ട് (എസ്.സി.പി) | 5029000 | 3697791 | 1331209 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6238300 | 2113265 | 4125035 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3942600 | 2856837 | 1085763 |
| ആകെ | | | 12779427 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 127 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>ബി) നിക്ഷേപ പ്രവൃത്തികൾ- 8693546 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>**

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 8693546/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1823386/- രൂപയുടെ വിനിയോഗ വിവരവും, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 3622000/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 3248160/- രൂപയുടെ വിനിയോഗ വിവരവുമാണ് ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>സി) മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**<u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി</u>**

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 76 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 20 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 152 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 152 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 76 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 172.59 ലക്ഷം രൂപ. 37497 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 265 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 225 അയൽകൂട്ടങ്ങളിൽ 225 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 536 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോടുകളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 641111 | 832131 | 1473242 | 1431722 | 41520 |
| ഇ.എഫ്.എം.എസ് | 0 | 15827751 | 15827751 | 15827751 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 641111 | 16659882 | 17300993 | 17259473 | 41520 |

വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുക 17259413 രൂപയും (I6 പ്രകാരം) കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുക 17259473 രൂപയുമാണ്. 60 രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

**1-7 ക്ഷേമ പദ്ധതികൾ**

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 32937700 | 2945 |
| കർഷക തൊഴിലാളി പെൻഷൻ | 1551400 | 135 |
| വിധവ പെൻഷൻ | 12465700 | 1118 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 565200 | 51 |
| വികലാംഗ പെൻഷൻ | 3794900 | 325 |

**1-8 ക്യാഷ്ബാലൻസ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/09/2023-ന് 03:10 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 1,07,708/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് യഥാസമയം ILGMS സോഫ്റ്റ് വെയറിൽ നിന്നും പേമെന്റ് വൗച്ചറുകൾ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല.

2) ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

3) പെർമിറ്റ് ഫയലുകളുടെയും രജിസ്റ്ററിന്റെയും സൂക്ഷിപ്പ് തൃപ്തികരമല്ല.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2023 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 മുതൽ 20.03.2017 വരെ | 2014-15 മുതൽ 2015-16 വരെ | എൽബിഎ (എച്ച് ക്യു) II/ I/8എ)-2594/ 17-18/22 , തീയതി 03.05.2017 |

**1-11 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ.

| ഉടമയുടെ പേര് | വില്ലേജ്/ സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല | റോഡിന്റെ തരം |
|---|---|---|---|---|---|
| സുശീലാദേവി, ശ്രീരാഗം | ചിറക്കടവ് 206/11-1 | 16/48 B | 33.71 | പ്രഥമം | പൊൻകുന്നം - മണിമല |
| | | 16/48 G | 77.38 | ദ്വിതീയം | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/14.10.24) മറുപടി ലഭ്യമായില്ല. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-12 വലിയ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ മേൽത്തരം തറനിർമ്മിതി നികുതി വർദ്ധനവിന് പരിഗണിച്ചില്ല.**

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടം 6(5) പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധന വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടത്തെ വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതു മൂലം തറനിർമ്മിതിയുടെ തരം കണക്കിലെടുത്തതായി കാണുന്നില്ല.

| ഉടമ | വില്ലേജ് / സർവേ നം. | കെട്ടിട നമ്പർ/ കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച.മീ) | തറ നിർമ്മിതിയുടെ തരം |
|---|---|---|---|---|
| ഷിബു സക്കറിയ | ചിറക്കടവ് 219/10 | 2/479 A വാണിജ്യാവശ്യം | 60.47 | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ |
| | | 2/479 B വാണിജ്യാവശ്യം | 49.83 | |
| | | 2/479 C വാണിജ്യാവശ്യം | 48.63 | |
| | | 2/479 D വാണിജ്യാവശ്യം | 37.81 | |
| | | 2/479 E വാണിജ്യാവശ്യം | 60.47 | |
| | | 2/479 F വാണിജ്യാവശ്യം | 62.58 | |
| | | 2/479 G വാണിജ്യാവശ്യം | 53.95 | |
| | | 2/479 H വാണിജ്യാവശ്യം | 41.94 | |
| ആകെ വിസ്തീർണ്ണം | | | 415.68 | |

ടി കെട്ടിടത്തിന്റെ ഫോം - 6 പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം 250 ച.മീ -ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്. എന്നാൽ കെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഓരോ അസസ്മെന്റും 250 ച.മീറ്ററിൽ താഴെയാവുകയും തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്താതെയും നികുതി നിർണ്ണയിച്ചു.

തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ 15% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിന്മേൽ നിയമപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (29/14.10.2024) മറുപടിയായി സ്ഥല പരിശോധന നടത്തി അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിലും 15% നികുതി വർദ്ധന ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം വസ്തുനികുതി ഡേറ്റാബേസിൽ ചേർക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ്, ഐ.കെ.എം. എന്നിവയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. ടി കെട്ടിടം 15% നികുതി വർദ്ധന ഉൾപ്പെടെ നികുതി പുനർനിർണ്ണയിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

**<u>1-13 ഒരേ റോഡ് തന്നെ വിവിധ തരംതിരിവുകളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു</u>**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 16/43 B | ജയശ്രീ ടി കെ | കുരങ്ങൻമല - പ്ലാവേലിപ്പടി | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 16/32 B | പി വി രാജശേഖരൻ നായർ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 16/70 A | പി എ ജോസ് | മുട്ടത്തുകവല - പ്ലാവേലിക്കവല | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 16/70 B | സജീവ് ടി എസ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 16/160 | എം കെപ്രഭാകരൻ | തെക്കേത്തുകവല - കളമ്പുകാട്ട് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 16/161 A | മോഹനൻ മരുത്തുമല | | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 7 | 16/166 A | സീമമോൾ പി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/14.10.24) മറുപടി ലഭ്യമായില്ല. പഞ്ചായത്തിലെ റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**<u>1-14 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു</u>**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20% നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പെതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന്

ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ സർവേ നമ്പറിലുള്ള പുരയിടത്തിൽ സ്ഥിതിചെയ്യുന്ന സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | സർവ്വേ നം./ വില്ലേജ് | കെട്ടിട നമ്പർ | വഴി സൗകര്യം |
|---|---|---|---|
| രാജഗോപാലൻ നായർ | 83/14-4 ചിറക്കടവ് | 18/448 C | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |
| | | 18/448 B | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/14.10.2024) മറുപടി ലഭ്യമായില്ല. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-15 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. (കെട്ടിടത്തിന്റെ വസ്തുനികുതി അസസ്സ്മെന്റ് 2023 ഏപ്രിൽ 1 ന് മുൻപായതിനാൽ പഴയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളത്). വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ) | വില്ലജ്/ സർവ്വേ നം. | നിർണ്ണയിക്കേണ്ട വസ്തു നികുതി (60 രൂപ/ ച.മി) | | | | ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം നിർണ്ണയിച്ച വസ്തുനികുതി (40രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം-20%,വാർഷിക വർദ്ധനവ് -5%) | കുറവ് | ആകെ | | |
| മോഹനൻ നായർ | 1/133 A,B,C,D,E 200.72 ച.മീ | 61/4 ചിറക്കടവ് | 12043.2 | 3010.8 | - | 15054 | 10036 | 5018 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/14.10.2024) മറുപടിയായി ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-16 വസ്തുനികുതി പരിഷ്കരണം - ഫീൽഡ് പരിശോധന നിർത്തിവച്ചു**

2023-ലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/03/2023 തീയതിയിലെ സ.ഉ.(കൈ) 77/2023/തസ്വഭവ പ്രകാരം 31/03/2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ (ഫോറം 9B) കെട്ടിട

ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിലേക്ക് ഫീൽഡ് പരിശോധന നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചെങ്കിലും ടിയാളുകൾ ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചു പോവുകയാണുണ്ടായത്.

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാബേസ് പ്രകാരം 20 വാർഡുകളിലായി പാർപ്പിട/ പാർപ്പിടേതര ഉപയോഗക്രമത്തിൽ 15000 ത്തോളം കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തി 31-03-2023 വരെ കെട്ടിട നം. നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി അപാകതയുള്ളത് ക്രമീകരിച്ച് നികുതി ഡേറ്റാബേസ് കൃത്യമാക്കുന്നതിന് ഓരോ വാർഡ് തലത്തിലും പരിശോധന അനിവാര്യമാണ്. കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കപ്പെട്ട ശേഷം ഉപയോഗക്രമം, പ്ലിന്ത് ഏരിയ, എയർ കണ്ടീഷൻ, തറ നിർമ്മിതിയുടെ തരം തുടങ്ങിയവയിൽ വ്യത്യാസം വരുത്തുകയോ അധിക നിർമ്മാണം നടത്തുകയോ ടെറസ് റൂഫിങ്ങ് നടത്തുകയോ ചെയ്യുന്ന സാഹചര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കാതെ തുടരുന്നത് പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവു വരുന്നതിന് കാരണമാകും. കെട്ടിടത്തിന്റെ മേഖലയും, പ്രവേശനമാർഗ്ഗമായ റോഡിന്റെ തരവും ഡേറ്റാബേസിലേത് ഫീൽഡ് ഡേറ്റയുമായി വ്യത്യാസമുണ്ടോ എന്നും പരിശോധന നടത്തി നികുതി ഡേറ്റ കൃത്യമാക്കേണ്ടതായിരുന്നു. സർക്കാർ നിർദ്ദേശ പ്രകാരമുള്ള വാർഡ് തല ഫീൽഡ് പരിശോധന നടത്തി 31-03-2023 വരെയുള്ള വസ്തുനികുതി ഡേറ്റാബേസിലെ അപാകതകൾ പരിഹരിക്കാതെ തുടരുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 44/16-10-2024) നൽകിയതിന് മറുപടി ലഭ്യമായില്ല. 15000 എണ്ണത്തോളം വസ്തുനികുതി അസസ്മെന്റുകളുള്ള ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ വസ്തുനികുതി ഡേറ്റയുടെ ഫീൽഡ് പരിശോധന സർക്കാർ നിർദ്ദേശം അനുസരിച്ച് പൂർത്തിയാക്കിയ ശേഷം അപാകത കണ്ടെത്തുന്ന കെട്ടിടങ്ങളുടെ റഗുലറൈസേഷനും നടത്തേണ്ടതാണ്. ഫീൽഡ് പരിശോധന ഡാറ്റായുടെ അടിസ്ഥാനത്തിൽ നികുതി ഡേറ്റാബേസിന്റെ പ്യൂരിഫിക്കേഷനും നടത്തേണ്ടതാണ്. മേൽവിവരിച്ച പ്രകാരമുള്ള നടപടികൾ എല്ലാം പൂർത്തീകരിച്ച ശേഷം വിശദാംശങ്ങൾ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്.

**1-17 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്ക്കരിക്കുന്നതിന് ഭരണസമിതി തീരുമാനം (നമ്പർ 2(1)/18.4.2023) എടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ, ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. പത്രത്തിലും നോട്ടീസ് ബോർഡിലും വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ആക്ഷേപം ഒന്നും തന്നെയില്ലാതിരുന്നതിനാൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലയെന്ന് കാണുന്നു. ഉദാഹരണം, പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 6 രൂപയിൽ നിന്ന് 7 രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും 09.05.2023 തീയതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള സുധീഷ്, സൗപർണിക എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 1/315 C നമ്പർ കെട്ടിടത്തിന് 6 രൂപ നിരക്കിൽ തന്നെ നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം 01/04/2023 നു ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/14.10.2024) മറുപടിയായി ഡേറ്റാ പ്യൂരിഫിക്കേഷന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ആയത് പൂർണ്ണമായും ക്രമീകരിക്കുമെന്ന് അറിയിച്ചു. ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ ക്രമീകരണം Information Kerala Mission മുഖേന അടിയന്തിരമായി നടത്തേണ്ടതും നികുതി നിരക്ക് കൃത്യമാക്കി കുറവു വന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും ആയത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. പ്രസ്തുത നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-18 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല**

2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2023-24 ലെ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഓൾമെഡ് പ്രൈവറ്റ് ലിമിറ്റഡ് | 2 |
| | | |

| | | |
|---|---|---|
| 2 | ചിറക്കടവ് ദേവസ്വം | 2 |
| 3 | എസ് പി വി NSS യു.പി സ്കൂൾ | 1 |
| 4 | ഷൈൻ എഞ്ചിനീയേഴ്സ് | 1,2 |
| 5 | മില്ലേനിയം ക്ലിനിക്കൽ ലാബ് | 1,2 |
| 6 | ബിസ്മി ഡ്രൈവിംഗ് സ്കൂൾ | 2 |
| 7 | തകടിയേൽ ടെക്സ്റ്റൈൽസ് | 2 |
| 8 | തകടിയേൽ സൂപ്പർ ബസാർ | 2 |
| 9 | മേരി മാതാ ഏജൻസീസ് | 2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/14.10.2024) മറുപടി ലഭ്യമായില്ല. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ തൊഴിലുടമകൾക്ക് നോട്ടീസ് നൽകി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-19 സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല - തൊഴിൽ നികുതി ചുമത്തലിൽ അപാകത**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ചുമത്തുന്നതിന് ആധാരമാക്കേണ്ട അടിസ്ഥാന രേഖയായ സ്ഥാപന ലിസ്റ്റ് (Institution List) നിലവിലില്ല എന്ന് കാണുന്നു. ഔദ്യോഗിക സ്ഥാപന ലിസ്റ്റിന്റെ അഭാവത്തിൽ 2023-24 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ ഇൻഡെക്സിലെ 142 സ്ഥാപനങ്ങളെയാണ് നികുതി നടപടികൾക്ക് പരിഗണിച്ചത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ളതും ധാരാളം ജീവനക്കാർ ജോലി ചെയ്യുന്നതുമായ പല സ്ഥാപനങ്ങളും പ്രസ്തുത ഡേറ്റയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്ത് പ്രദേശത്തുള്ള വിവിധ മേഖലകളിലുള്ള സ്ഥാപനങ്ങൾ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടാത്തതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | ഫോക്കസ് സിനിമാസ്, പൊൻകുന്നം |
| 2. | വിവിധ ഡെന്റൽ ക്ലിനിക്കുകളും ദന്താശുപത്രികളും |
| 3. | മെഡിക്കൽ ലാബുകൾ |
| 4. | ക്ലിനിക്കുകളും ആയുർവേദ ആശുപത്രികളും |
| 5. | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ |
| 6. | അക്ഷയ സെന്ററുകൾ, ഇ-സേവന കേന്ദ്രങ്ങൾ |
| 7. | കൺസ്ട്രക്ഷൻ കമ്പനികൾ |
| 8. | കൺസൾട്ടൻസികൾ |
| 9. | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ |
| 10. | ടൂർ ട്രാവൽ ഏജൻസികൾ |
| 11. | വാഹന ഷോറൂം സർവ്വീസ് സെന്ററുകൾ |
| 12. | ഓഡിറ്റോറിയങ്ങളും കൺവൻഷൻ സെന്ററുകളും |

മേൽപറഞ്ഞതുൾപ്പടെ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട അക്രുവൽ ചെയ്യാത്ത നികുതി വരുമാനമാണ്. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെയുള്ള സാഹചര്യങ്ങൾ ഉള്ളതിനാൽ അവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെയും

സമയബന്ധിതമായി പഞ്ചായത്തിൽ ഒടുക്കാതെയും തുടരുന്നത് പഞ്ചായത്ത് ഫണ്ടിന് നികുതി ഇനത്തിൽ നഷ്ടത്തിന് ഇടയാക്കുന്നു. Institution List നിലവിലില്ല എന്നതിനാൽ 2023-24 ലെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റും ആധികാരികവും പൂർണ്ണവുമല്ല. സ്ഥാപന ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി നടപടികൾ ആധികാരികമാക്കാതെ തുടരുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 26/2023-24/14-10-2024) നൽകിയതിന് മറുപടി ലഭ്യമായില്ല. മേൽ പട്ടികയിലേത് ഉൾപ്പടെയുള്ള മേഖലകളിൽ ഫീൽഡ് പരിശോധന നടത്തി എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപന ലിസ്റ്റ് (List Of Institutions) 2023-24 പ്രാബല്യത്തിൽ പരിഷ്കരിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2023-24 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Profession Tax റവന്യൂ ശീർഷകത്തിൽ അടവാക്കേണ്ടതാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം സ്ഥാപനങ്ങളുടെ 2023-24 ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions (Arrear) ശീർഷകത്തിലേക്ക് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. പരിഹാര നടപടികൾ പൂർത്തിയായ ശേഷം വിശദാംശങ്ങൾ അംഗീകരിച്ച സ്ഥാപന ലിസ്റ്റ് എന്നിവ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**<u>1-20 പ്രൊഫഷണലുകളുടെയും കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>**

1. ചിറക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള പ്രാക്ടീസിങ്ങ് ഡോക്ടർമാർ, നിയമ വിദഗ്ദ്ധർ, ടെക്നോളജി പ്രൊഫഷണൽസ്, ചാർട്ടേർഡ് അക്കൗണ്ടന്റ്, ടാക്സ് കൺസൾട്ടന്റ്, ഇൻഷുറൻസ് ഏജന്റ്, ആധാരം എഴുത്തുകാർ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽസിന്റെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി അക്രുവലായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട നികുതിയിനമായിരുന്നു. നഗരവൽകൃതമായ പൊൻകുന്നം ടൗൺ പ്രദേശം ഉൾപ്പടെയുള്ള ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 2023-24 വർഷം പഞ്ചായത്ത് തനത് വരുമാന സ്രോതസ്സായ പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണൽസിന്റെ വിവരങ്ങൾ കണ്ടെത്തി ഡാറ്റ തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 25/2023-24/14-10-2024) നൽകിയതിന് മറുപടി ലഭ്യമായില്ല. ചിറക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പട്ടികയിലുള്ളവരുടെ 2023-24 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Professionals (Arrear) ശീർഷകത്തിലേക്ക് അക്രുവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. 2023-24 വർഷത്തെ നികുതി കുടിശിക ഒടുക്കിയ രസീതുകളും ഡിമാന്റ് ലിസ്റ്റ്, ഡി.സി.ബി. എന്നിവ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/ കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ശ്രീ. വിനീഷ്മോൻ പി വി |
| 2. | ശ്രീ. ജയകൃഷ്ണൻ പി ആർ |
| 3. | ശ്രീ. ജൂബി കെ ജോസഫ് |
| 4. | ശ്രീ. പി എം ഗോപകുമാർ |
| 5. | ശ്രീ. ചെല്ല ദുരൈ |
| 6. | ശ്രീ. മുഹമ്മദ് ഇർഫാൻ കെ എം |
| 7. | ശ്രീ. ഷാജി വർഗീസ് |
| 8. | ശ്രീ. റെജികുമാർ എ സി |
| 9. | ശ്രീ. പി എസ് രവീന്ദ്രൻ നായർ |
| 10. | ശ്രീ. അൽഫോൻസ് ജോർജ് |
| 11. | ശ്രീ. ഗിരീഷ് ചന്ദ്രൻ |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 22/2023-24/14-10-2024)

നൽകിയതിന് മറുപടി ലഭ്യമായില്ല. കരാറുകാരുടെ തൊഴിൽ നികുതി 2023-24 വർഷത്തേത് കുടിശികയായി Prior Period Profession Tax റവന്യൂ ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-21 വിനോദ നികുതി - പിഴത്തുക കണക്കാക്കിയതിൽ അപാകത, തുക അടവാക്കിയില്ല**

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഒഴിവാക്കിയ സിനിമ ടിക്കറ്റിൻമേലുള്ള വിനോദനികുതി 2019-ലെ ധനകാര്യ നിയമത്തിലെ വകുപ്പ് 6 പ്രകാരം പുന:സ്ഥാപിച്ചിരുന്നു. 10.06.2019-ലെ സ.ഉ.(കൈ)നം.63/2019/ ത.സ്വ.ഭ.വ. ഉത്തരവിൽ സിനിമാ ടിക്കറ്റുകൾക്ക് 10% വിനോദ നികുതി ഈടാക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചു. പിന്നീട് 31.08.2019-ലെ സ.ഉ.(കൈ)നം.112/ 2019/ത.സ്വ.ഭ.വ. ഉത്തരവിലൂടെ നികുതി നിരക്കിൽ ഭേദഗതി വരുത്തുകയും 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമായി നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ നിരക്കിന്റെ പ്രാബല്യ തീയതി 01.09.2019 ആയിരുന്നു. ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസ്യതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 22.06.2021-ലെ സ.ഉ.(സാധാ)നം. 1195/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സിനിമാ തീയേറ്ററുകൾക്കുള്ള വിനോദനികുതി 2020-21 വർഷത്തേക്ക് ഇളവ് ചെയ്തു കൊടുക്കുകയും 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരയുള്ള കാലയളവിലെ നികുതി ഇളവു ചെയ്ത് നൽകാൻ 22.11.2021-ലെ സ.ഉ.(സാധാ)നം. 2358/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. 01.01.2022 മുതൽ വീണ്ടും വിനോദനികുതി പ്രാബല്യത്തിലുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫോക്കസ് സിനിമാസ് എന്ന തീയേറ്ററിൽ നിന്നുമുള്ള വിനോദനികുതി 2021-22 വർഷം മുതൽ കുടിശ്ശികയായിരുന്നത് 10.10.2023, 13.11.2023, 22.01.2024, 18.07.2024 തീയതികളിലായാണ് അടവാക്കിയിട്ടുള്ളത്. എന്നാൽ വിനോദനികുതി കൃത്യമായി അടവാക്കുന്നതിൽ കാലതാമസം വരുത്തിയതിലുള്ള പിഴപ്പലിശ അടവാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 209 E പ്രകാരം നികുതി ഇനത്തിലുള്ള തുകകൾ അടവാക്കുവാൻ താമസിച്ച ഓരോ മാസത്തിനും 1% വീതം പിഴപ്പലിശ ഈടാക്കേണ്ടതാണ്. ആയതിൻപ്രകാരം 38,143 രൂപ പിഴപലിശ അടവാക്കേണ്ടതാണെന്ന് കാണിച്ച് പഞ്ചായത്ത് സെക്രട്ടറി 22.07.2024 തീയതിയിൽ തീയറ്റർ ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ട് (നം. 400521/RPDC03/GPO/2023/8784/(1)). 2023 ലെ 18-ആം ആക്ട് പ്രകാരം 01.04.2023 തീയതി പ്രാബല്യത്തിൽ ചട്ടം 209 E ഭേദഗതി ചെയ്ത് പിഴപ്പലിശ പ്രതിമാസം 2% ആക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ ആയത് പരിഗണിക്കാതെ 2023-24 വർഷത്തെ പിഴപ്പലിശ 1% ആയി കണക്ക് കൂട്ടിയതിനാൽ പിഴപ്പലിശ നിർണ്ണയിച്ചതിൽ 9065 രൂപയുടെ കുറവുണ്ടായി. വിശദാംശം ചുവടെ.

| വർഷം | വിനോദനികുതി ഇനത്തിൽ അടവാക്കിയ തുക | രസീത് നം./തീ. | പിഴ തുക | |
|---|---|---|---|---|
| | | | നിർണയിച്ചത് (പ്രതിമാസം 1% പലിശ ) | നിർണ്ണയിക്കേണ്ടിയിരുന്നത് (01.04.2023 മുതൽ 2% പലിശ ) |
| 2021-22 (2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ) | 48922 | 1230103968/10.10.2023 | 11021.30 | 11021.30 |
| 2022-23 (2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ) | 61589.59 | 1230104602/13.11.2023 | 10769.77 | 10769.77 |
| 2022-23 (2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ) | 53758.06 | 1230105739/22.01.2024 | 7286.17 | 7286.17 |
| 2023-24 (2023 ഏപ്രിൽ മുതൽ 2023 സെപ്റ്റംബർ വരെ) | 51636.77 | 1230107068/11.03.2024 | 4920.99 | 9841.98 |
| 2023-24 (2023ഒക്ടോബർ മുതൽ 2024 | 51095.42 | 1230101698/18.07.2024 | 4144.24 | 8288.48 |

| | | | | | |
|---|---|---|---|---|---|
| | മാർച്ച് വരെ) | | | | |
| | ആകെ | | | 38143/- | 47208/- |

പിഴപ്പലിശ കണക്ക് കൂട്ടിയതിലെ കുറവ് = 47208 -38143
= 9065/-

തീയറ്റർ ഉടമ പിഴപ്പലിശ ഇനത്തിൽ ഇതുവരെയും തുകയൊന്നും അടവാക്കിയതായി കാണുന്നില്ല. മേൽ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/08.10.2024) മറുപടിയായി തീയറ്റർ ഉടമയ്ക്ക് പുതിയ നിരക്കിലുള്ള പിഴപ്പലിശ ഈടാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ് നല്കുന്നതാണെന്നറിയിച്ചു. പിഴത്തുക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-22 പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി**

31.3.2023 ലെ സ. ഉ. കൈ നം. 85/23/ എൽ . എസ്. ജി. ഡി. പ്രകാരം 10.4.2023 നു ശേഷം പുതുക്കിയ പെർമിറ്റ് ഫീസ് നിലവിൽ വന്നു. എന്നാൽ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഇതിനു ശേഷം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ചുവടെ ചേർത്തിട്ടുള്ള അപേക്ഷയിന്മേൽ പഴയ നിരക്കിലുള്ള ഫീസ് ഈടാക്കിയതായി കാണുന്നു.

| ഫയൽ നമ്പർ / തീയതി | കെട്ടിട ഉടമയുടെ പേരു വിവരങ്ങൾ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (എക്സിസ്റ്റിങ് ഉൾപ്പടെ) | Permitted Area | ഈടാക്കിയ ഫീസ് | ഉൾപ്പെടു ത്തേണ്ട സ്ലാബ് | ഈടാ ക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|---|---|
| Sc4.9569 /23/ 19.10.23 | പി കെ ബാബു | വാണിജ്യം | 510.50 | 75.25 ച.മീ. | 75.25 X 10 = 753/- | 300 ച.മീ. ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം | 75.25 X 200=15050 | 14297/- |

പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (38/15.10.2024) മറുപടി ലഭ്യമാക്കിയില്ല. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

**1-23 പെർമിറ്റ് ഫീസ് - സ്ലാബ് നിർണയിച്ചതിൽ ആകെ നിർമ്മിത വിസ്തൃതി പരിഗണിച്ചില്ല**

ചിറക്കടവ് വില്ലേജിൽ സർവേ നമ്പർ 247/4-5, 248/7-2 ലുള്ള 21.65 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 108.3 ച.മീ. വിസ്തീർണ്ണമുള്ള Existing കെട്ടിടത്തോട് (പാർപ്പിടാവശ്യം) ചേർന്ന് 212.57 ച.മീ. വിസ്തീർണമുള്ള പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടം പണിയുന്നതിനായി സ്ഥല ഉടമയായ ശ്രീ. അരുൺ ബി എന്നയാൾക്ക് 20.04.2023 ൽ B-BA(143293)/2023 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. 31.03.2023 തീയതിയിലെ സ.ഉ.(കൈ)നം.85/2023/ത.സ്വ.ഭ.വ പ്രകാരം പഞ്ചായത്ത് പരിധിയിലെ പാർപ്പിട ഉപയോഗക്രമത്തിലുള്ള നിർമ്മാണങ്ങൾക്ക് 81 മുതൽ 150 ച.മീ. വരെ നിർമ്മിത വിസ്തൃതിയുള്ളവയ്ക്ക് 50 രൂപ/ച.മീ എന്ന നിരക്കിലും 151 മുതൽ 300 ച.മീ. വരെ വിസ്തൃതിയുള്ളവയ്ക്ക് 100 രൂപ/ച.മീ എന്ന നിരക്കിലും 300 ച.മീ. മുകളിൽ ഉള്ള നിർമ്മാണങ്ങൾക്ക് 150 രൂപ/ച.മീ എന്ന നിരക്കിലുമാണ് പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള സ്ലാബ് നിശ്ചയിച്ചിട്ടുള്ളത്.

13.03.2024 ലെ സർക്കാർ ഉത്തരവ് ജി.ഒ.(സാധാ)നം.588/2024/ത.സ്വ.ഭ.വ പ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾക്ക് ക്രമവൽക്കരണ ഫീസ് കണക്കാക്കുന്നതിനുള്ള സ്ലാബ് നിശ്ചയിക്കുന്നതിനായി കെട്ടിടത്തിന്റെ ആകെ വിസ്തൃതി കണക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പെർമിറ്റോടെയുള്ള നിർമ്മാണങ്ങൾക്കും ബാധകമാണ്. കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതി 320.87 ച.മീ. ആയതിനാൽ '300 M2 ൽ കൂടുതൽ നിർമ്മിത വിസ്തൃതിയുള്ള കെട്ടിടങ്ങൾ' എന്ന സ്ലാബിൽ ഉൾപ്പെടുത്തിയായിരുന്നു പെർമിറ്റ് ഫീസ് (150/M2) ഈടാക്കേണ്ടിയിരുന്നത്. എന്നാൽ കെട്ടിട നിർമാണാനുമതി നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതി (Existing കെട്ടിടം ഉൾപ്പടെ) പരിഗണിക്കാതെ പുതുതായി നിർമ്മിക്കുന്ന കെട്ടിടഭാഗത്തിന്റെ നിർമ്മിത വിസ്തൃതി മാത്രം പരിഗണിച്ച് പെർമിറ്റ് ഫീസ് കണക്കാക്കുന്നതിനുള്ള സ്ലാബ് (150-300 ച.മീ. നിർമ്മിത വിസ്തൃതിയുള്ള കെട്ടിടം) നിശ്ചയിച്ചതുമൂലം പെർമിറ്റ് ഫീസ് (100/M2) ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ .

ആകെ നിർമ്മിത വിസ്തൃതി (Existing കെട്ടിടം ഉൾപ്പടെ) = 320.87 ച.മീ.
Permitted Area = 212.57 ച.മീ.
ഈടാക്കിയ പെർമിറ്റ് ഫീസ് = 212.57 X 100
= 21,257/-
ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസ് = 212.57 X 150
= 31,886/-
പെർമിറ്റ് ഫീസിനത്തിലുള്ള കുറവ് = 31,886 - 21,257
= 10,629 /-

പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിനായി കുറഞ്ഞ നിരക്കിലുള്ള സ്ലാബ് കണക്കിലെടുത്തതുമൂലം ഫീസിനത്തിൽ 10,629/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/15.10.2024) മറുപടി ലഭ്യമായില്ല. പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-24 ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കി

31.3.23 ലെ സ. ഉ. കൈ നം 85/23/ എൽ . എസ്. ജി. ഡി. ഉത്തരവ് പ്രകാരം 10.4.2023 നു ശേഷം പുതുക്കിയ പെർമിറ്റ് ഫീസ് നിലവിൽവന്നു. എന്നാൽ പെർമിറ്റ് രജിസ്റ്റർ, കംപ്ലീഷൻ പ്ലാൻ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ ഇതിനു ശേഷം ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ക്രമവൽക്കരണ അപേക്ഷകൾക്ക് പഴയ നിരക്ക്/ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയാതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ / തീയതി | കെട്ടിട ഉടമയുടെ പേരു വിവരങ്ങൾ | കെട്ടിട ത്തിന്റെ ഉപയോഗ ക്രമം | കെട്ടിട ത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ.) | റെഗുല റൈസ് ചെയ്ത കെട്ടിട ത്തിന്റെ വിസ്തീർണ്ണം | ഈടാ ക്കിയ റെഗുലറൈ സേഷൻ ഫീസ് | ഈടാ ക്കേണ്ട റെഗുലറൈ സേഷൻ ഫീസ് | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | Sc4.5678/2023/9.6.23 | എബിൻ ബാബു | പാർപ്പിടാവശ്യം | 250 | 17.28 | 17.28x14 =242/- | 17.28 X 200 = 3456/- | 3214/- |
| 2 | SC4.1413/2024/22.2.24 | ഗോപകുമാർ ജി എസ് | വാണിജ്യം | 247.55 | 48.55 | 48.55 X 20 =971/- | 48.55 X 300 = 14565/- | 13594/- |
| 3 | SC4.7397/2023/2.8.23 | മധു പി എസ് | പാർപ്പിടാവശ്യം | 128.11 | 18.68 | 18.68 X 14 = 262/- | 18.68 X 100 = 1868/- | 1606/- |
| 4 | SC4.2001/24/12.3.24 | അനു ദിവാകർ | പാർപ്പിടാവശ്യം | 278.05 | 42.44 | 42.44X14 =594/- | 42.44x200 =8488/- | 7894/- |
| 5 | Sc4.4070/2023/18.04.23 | വിനോദ്കുമാർ പി ജി | പാർപ്പിടാവശ്യം /വാണിജ്യം | 92.75 | 58.6 (പാർപ്പിടാവശ്യം) | 58.6x50 = 2930/- | 58.6 X 100 =5860/- | 2930/- |

ക്രമവത്ക്കരണ ഫീസ് കുറവായി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (35/15.10.2024) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ ചേർത്ത പ്രകാരം റെഗുലറൈസേഷൻ ഫീ കണക്കാക്കിയപ്പോൾ പഴയ നിരക്കാണ് കണക്കിലെടുത്തിട്ടുള്ളത്. ആയത് മൂലം റെഗുലറൈസേഷൻ ഫീസ് കുറവാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ സ.ഉ. നമ്പർ: 97/2024 L.S.G.D. തീയതി 30.7.24 പ്രകാരം 10.4.2023 നു ശേഷം ഈടാക്കി വന്നിരുന്ന റെഗുലറൈസേഷൻ ഫീ സ്ലാബ് പുനഃപരിഷ്ക്കരിച്ച് നിലവിൽ വന്നു. ഈ ഉത്തരവ് പ്രകാരം, ഈടാക്കിയ അധികതുക (മുൻ ഉത്തരവ് പ്രകാരം ഈടാക്കിയ തുക) തിരികെ നൽകുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പട്ടികയിൽ ചേർത്തിട്ടുള്ള കേസുകൾ 2023 ഏപ്രിൽ 10 ന് മുൻപുള്ള നിരക്കിൽ ഉൾപ്പെടുത്തി റെഗുലറൈസേഷൻ ഫീ ഈടാക്കിയതിനാൽ പുതുക്കിയ ഫീസിലേക്ക് ക്രമീകരിക്കുമ്പോൾ പ്രസ്തുത അപേക്ഷകൾക്ക് അധിക തുകയൊന്നും നല്കാനില്ലാത്തതാകുന്നു. ഇത്തരത്തിൽ തെറ്റായ നിരക്കിൽ തുക ഈടാക്കിയത് ധനകാര്യസ്റ്റാൻഡിങ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. 2023-24 വർഷം നാനൂറോളം പെർമിറ്റ് അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ലഭ്യമായ പെർമിറ്റ് അപേക്ഷകളിന്മേൽ പെർമിറ്റ് ഫീ/ ക്രമവൽക്കരണ ഫീ ഈടാക്കിയത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വിശദ പരിശോധന നടത്തേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതോ ആയ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2023-24 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1831 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 680 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 | 126 |

| | |
|---|---|
| ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | |
| വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ. വരെയുള്ളവ | 77 |
| വാണിജ്യാവശ്യത്തിനുള്ള 500 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 24 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 12 |
| ഓഫീസ് ആവശ്യം | 92 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 138 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 69 |
| എം എസ് എം ഇ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ | 5 |
| **ആകെ എണ്ണം** | **3055** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 3055 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 669 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

2. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതുമാകുന്നു.

2023-24 വർഷത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 669 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും/പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2023 ഫെബ്രുവരി-മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 83 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഓഡിറ്റ് കാലയളവിൽ ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കി സൂക്ഷിച്ചിട്ടില്ല . ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച്

പരമാവധി ഫീസ് ഈടാക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ളതിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്. എന്നാൽ സാമ്പത്തിക വർഷം ലൈസൻസ് ഫീസ് പിരിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം സംബന്ധിച്ച യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ലൈസൻസ് ഫീസ് പിരിച്ചതിന്റെ മാനദണ്ഡം ഓഡിറ്റിൽ വ്യക്തമായിട്ടില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ ഹാർഡ്‌വെയർ, ബിൽഡിംഗ് മെറ്റീരിയൽസ്, ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയ മൂലധന നിക്ഷേപം കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ തുകയാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ മേൽ വിഷയങ്ങളിൽ ഉണ്ടാകേണ്ടതാണ്.

## 1-26 വാടക - അപാകതകൾ

ലഭ്യമാക്കിയ രേഖകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അകെ 36 മുറികളാണുള്ളത്. വാടക ഡി.സി.ബി. പത്രിക പ്രകാരം വിവിധ കുത്തകക്കാർ വാടക പുതുക്കി തുടരുകയാണ്. വാടക രജിസ്റ്റർ, എഗ്രിമെന്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോയ്ക്ക് പഞ്ചായത്ത് വകുപ്പ് അംഗീകാരം നൽകിയിട്ടില്ല. ബൈലോ കരട് തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
2. വാടക ഡിമാൻഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 36 കുത്തകക്കാരിൽ 4 പേർ മാത്രമാണ് വാടക നിക്ഷേപം ഒടുക്കാതെ തുടരുന്നത്. 31/03/2024 ലെ ബാലൻസ് ഷീറ്റ് കണക്ക് ശീർഷകം 34020010 - Rent Deposit പ്രകാരമുള്ള വാടക നിക്ഷേപം 33,696 രൂപ മാത്രമാണ്. വാടക നിക്ഷേപമിനത്തിൽ ലഭിച്ച മുഴുവൻ തുകയും കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3. വാടക ഡിമാന്റ് രജിസ്റ്ററിൽ ഓരോ മുറികളുടെയും ഡിമാന്റ് തുകയും കളക്ഷനും എഴുതി വർഷാവസാനം ക്ലോസ് ചെയ്യുന്നില്ല. ഓരോ മുറികളുടെയും കണക്കുകൾ വാർഷികമായി ക്ലോസ് ചെയ്താണ് ഡി.സി.ബി. തയ്യാറാക്കേണ്ടത്.
4. വാടക എഗ്രിമെന്റുകൾ ഭൂരിഭാഗം എണ്ണവും പഞ്ചായത്ത് സെക്രട്ടറിയും സാക്ഷികളും കയ്യൊപ്പ് രേഖപ്പെടുത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്. കരാർ രേഖകൾ നിയമാനുസൃതം ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു .

വാടക നടപടിക്രമങ്ങളിലും അനുബന്ധരേഖകൾ കൈകാര്യം ചെയ്യുന്നതിലുമുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/14.10.24) മറുപടി ലഭ്യമാക്കിയില്ല. വാടക നിക്ഷേപ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള എല്ലാ കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-27 പബ്ലിക് കംഫർട്ട് സ്റ്റേഷൻ - വരവിന്റെ ആധികാരികത വ്യക്തമല്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിശ്രമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ ) ചട്ടങ്ങൾ ചട്ടം 14 പ്രകാരം ടോയ്‌ലറ്റും മൂത്രപ്പുരയും അടക്കമുള്ള സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്നും ഓരോ വർഷവും ടോയ്‌ലറ്റും മൂത്രപ്പുരയും പരിപാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് ക്വൊട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്തിന് ചുമത്താവുന്ന ഫീസ് നിബന്ധനങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .

ചിറക്കടവ് ഗ്രാപഞ്ചായത്തിൽ ദിവസ വേതനത്തിൽ ആളെ നിയമിച്ച് ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവ പരിപാലിക്കുകയാണ് ചെയ്ത് വരുന്നത്. 2022-23 വർഷത്തെ പബ്ലിക്ക് കംഫോർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ്, ചെലവ് എന്നിവ താരതമ്യം ചെയ്തതിൽ പരിപാലന ചെലവ് വളരെ കൂടുതലാണ് എന്ന് കാണാവുന്നതാണ്. 2023-24 വർഷം ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവ പരിപാലിക്കുന്നതിന് വേതനമിനത്തിൽ 2,18,000/- രൂപയും മെയിന്റനൻസിനായി 37,406/- രൂപയും ഉൾപ്പടെ 2,55,406/- രൂപ പഞ്ചായത്തിന് ചെലവുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരം 140500201 - Public Comfort Station Receipts ശീർഷകത്തിൽ 244700/- രൂപയാണ് Public Comfort Station നിന്നുമുള്ള വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. കഴിഞ്ഞ 7 വർഷത്തെ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| വർഷം | ലഭിച്ച തുക |
|---|---|
| 2017-18 | 478895 |
| 2018-19 | 425105 |
| 2019-20 | 322716 |
| 2020-21 | 89924 |
| 2021-22 | 170269 |
| 2022-23 | 98800 |

| | |
|---|---|
| 2023-24 | 244700 |

2017-18 സാമ്പത്തിക വർഷത്തെ വരവുമായി താരതമ്യം ചെയ്യുമ്പോൾ ഓരോ വർഷം കഴിയുംതോറും പബ്ലിക്ക് കംഫർട്ട് സ്റ്റേഷനിൽ നിന്നും ഗ്രാമപഞ്ചായത്തിനുള്ള വരവ് തുകയിൽ കുറവാണ് സംഭവിക്കുന്നത്. 2017-18 വർഷം കംഫർട്ട് സ്റ്റേഷനിൽ നിന്നും 4,78,895/- രൂപ വരുമാനമുണ്ടായിരുന്നിടത്ത് 23-24 ൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 140500201 - Public Comfort Station Receipts ശീർഷകത്തിൽ 244700/- രൂപയാണ് വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. വരുമാനത്തിൽ കുറവ് വരുന്ന സാഹചര്യത്തിലും പരിപാലന അവകാശം ലേലം ചെയ്ത് നൽകാതെ ദിവസ വേതനത്തിൽ ആളെ നിയമിച്ച് ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവ പരിപാലിക്കുന്നത് യുക്തിസഹമല്ല. കൂടാതെ ബസ് സ്റ്റാൻഡ് ഫീസ് പിരിവ് ലേലത്തിൽ നൽകിയത് 550000/- രൂപയ്ക്കാണ്. ഏകദേശം അതിനടുത്ത് വരുമാനം കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. 7 വർഷങ്ങൾക്ക് മുൻപുപോലും 4.79 ലക്ഷം രൂപ വരുമാനം ഉണ്ടായിരുന്നിടത്താണ് തൻവർഷം 2,44,700 രൂപ മാത്രം വരവുണ്ടായത്. കംഫർട്ട് സ്റ്റേഷനിലെ ദിവസ വരവ് എത്രയാണെന്നോ വരവ് തുക പൂർണ്ണമായും പഞ്ചായത്തിൽ അടവാക്കുന്നുണ്ടോ എന്നതിന്റെ ആധികാരികത ഉറപ്പിക്കുവാനാവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയില്ല. ഓരോ ദിവസവും ലഭിക്കുന്ന വരവിന്റെ അധികാരികത ഉറപ്പാക്കുവാനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/14.10.2024) മറുപടി ലഭ്യമായില്ല. 2017-18 വർഷം 4.79 ലക്ഷം രൂപ വരുമാനമുണ്ടായിരുന്നത് 2022-23 ൽ 98,800 ഉം 2023-24 ൽ 244700 രൂപയുമായി കുറയാനുണ്ടായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. കോട്ടയം-കുമളി റൂട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകളിലൊന്നാണ് പൊൻകുന്നം ബസ് സ്റ്റാൻഡ്. സാധാരണഗതിയിൽ ഇത്തരമൊരു ബസ് സ്റ്റാൻഡിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷനിൽ നിന്നും 2017-18 നെ അപേക്ഷിച്ച് 2023-24 ൽ നല്ല രീതിയിലുള്ള വരുമാന വർദ്ധനവ് ഉണ്ടാവേണ്ടതാണ്. ഒരോ ദിവസവും ലഭിക്കുന്ന വരവിന്റെ അധികാരികത ഉറപ്പാക്കുവാനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**1-28 ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല.**

ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഇ-ടെണ്ടർ വഴിയാണ് അസിസ്റ്റന്റ് എൻജിനീയർ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും നടപ്പാക്കിയത്. ഇ ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ, LID & EW വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയതിന് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. വാർഷിക കണക്ക് RP5 ഷെഡ്യൂൾ പ്രകാരം ടെണ്ടർ ഫീസിനത്തിൽ വരവ് 890 രൂപ മാത്രമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (നം. 14/14.10.24) ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. ടെണ്ടർ ഫീ തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.**

ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം നിർമ്മാണം ഏറ്റെടുത്ത വ്യക്തി കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 368/24 ശാന്തിഗ്രാം കോയിപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | ചെല്ലദുരൈ, കുളങ്ങര, ചിറക്കടവ് | 2.03.23 | 31.03.23 | 510690 | 5107 |
| 2 | 333/24 താലൂക്ക് ആശുപത്രിക്ക് ദ്രവമാലിന്യ സംസ്കരണം | പി. എസ്. രവീന്ദ്രൻ നായർ, പന്തലാനിക്കൽ, പുലിയന്നൂർ | 17.04.23 | 5.05.23 | 1694502 | 16945 |
| | ആകെ | | | | | 22052 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ

ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (13/14.10.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ക്രമ നമ്പർ ഒന്നിലെ കരാറുകാരനിൽ നിന്നും 5107 രൂപ രസീത് നം 1240103655/G051001/17.10.24 പ്രകാരം ഈടാക്കിയതായും ക്രമ നമ്പർ രണ്ടിലെ ഫൈൻതുക കരാറുകാരന് നൽകുവാനുള്ള ബിൽ തുകയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു. 16945 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-30 പഞ്ചായത്ത് ഫണ്ടിലുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയിട്ടില്ല**

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 1,46,96,954/- രൂപ വിവിധ നിക്ഷേപങ്ങളായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചത് ബാധ്യതയായി അവശേഷിക്കുന്നു. ഡെപോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശത്തിൽ നിന്നും പല നിക്ഷേപങ്ങളും വർഷങ്ങളായി ക്ലെയിം ചെയ്യപ്പെടാതെ തുടരുന്നതായാണ് കാണുന്നത്. നിക്ഷേപങ്ങളിൽ പ്രോജക്ട്/പ്രവൃത്തിയുടെ ഉദ്ദേശ്യം, പൂർത്തീകരണ തീയതി എന്നിവ മുന്നിരിപ്പ് വിശദാംശമായി രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ പ്രോജക്ട് പൂർത്തീകരണ വിവരങ്ങളുണ്ടെങ്കിൽ വാടക നിക്ഷേപമായ (Rent Deposit) 33,696 /- രൂപയും 2022-23 സാമ്പത്തിക വർഷം Road Cutting - Deposit ശീർഷകത്തിലെ നീക്കിയിരിപ്പിൽ റിലയൻസിൽ നിന്ന് ലഭിച്ച 11.06 ലക്ഷം രൂപയും ഒഴികെയുള്ളവയിൽ പ്രോജക്ട് പൂർത്തീകരണ തീയതിക്ക് ശേഷം 3 വർഷത്തിലധികമായി ക്ലെയിം ചെയ്യപ്പെടാത്ത നിക്ഷേപങ്ങളിൽ വാടക നിക്ഷേപം ഒഴികെയുള്ളവ കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കാമായിരുന്നു. ഇലക്ഷൻ നിക്ഷേപമായി ലഭിച്ച 60,000/- രൂപയും Water Connection Deposit ഇനത്തിൽ ലഭിച്ച 4504 രൂപയും ക്രമീകരിക്കപ്പെടാതെ ബാധ്യതയായി തുടരുന്നത് ഏത് കാലയളവിൽ ആരിൽ നിന്നെല്ലാം ലഭിച്ചതാണ് എന്നതിന്റെ വിവരം Deposit Register-ൽ ലഭ്യമല്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച് 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്.

Deposit Register-ൽ നിക്ഷേപങ്ങളുടെ മുന്നിരിപ്പിൽ നിക്ഷേപം ഒടുക്കിയത് സംബന്ധിച്ച മുഴുവൻ വിശദാംശവും രേഖപ്പെടുത്താതിരുന്നതിനും കാലഹരണപ്പെട്ടവ മുതൽക്കൂട്ടി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കാതെ തുടരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 18/14-10-2024) നൽകിയതിന് കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്ന് മറുപടി നൽകി. Deposit Register സൂക്ഷിപ്പിലെ അപാകത പരിഹരിച്ച് കാലഹരണപ്പെട്ടവ ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടിയ ശേഷം വിവരം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിക്ഷേപം മുതൽക്കൂട്ടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ്, രജിസ്റ്ററിലെ രേഖപ്പെടുത്തൽ, നിക്ഷേപം മുതൽക്കൂട്ടിയ ഇടപാടുകളുടെ ജേർണൽ വൗച്ചർ നം./തീയതി എന്നിവ മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-31 പഞ്ചായത്ത് ഫണ്ടിലുള്ള ജില്ലാ പഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ വിശദാംശം ലഭ്യമല്ല.**

31/03/2024 ലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം 16,95,952/- രൂപ സംയുക്ത പ്രോജക്ടിന് ലഭിച്ച ജില്ല-ബ്ലോക്ക് വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ടി തുക പ്രത്യേക ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നതായി കാണുന്നില്ല.

| കണക്ക് ശീർഷകം | ജില്ല ബ്ലോക്ക് വിഹിതം | തുക |
|---|---|---|
| 320700204 | ബ്ലോക്ക് വിഹിതം (റവന്യൂ ചെലവിന്) | 8,97,761/- |
| 320700105 | ജില്ല പഞ്ചായത്ത് (ക്യാപ്പിറ്റൽ ചെലവിന്) | 6,27,938/- |
| 320700104 | ബ്ലോക്ക് വിഹിതം (ക്യാപ്പിറ്റൽ ചെലവിന്) | 50,353/- |
| 320700404 | ബ്ലോക്ക് പ്രത്യേക ഫണ്ട് (റവന്യൂ ചെലവിന്) | 1,19,900/- |
| ആകെ | | 16,95,952/- |

16,95,952/- രൂപ തനത് ഫണ്ടിലാണോ സൂക്ഷിച്ചിരിക്കുന്നത് എന്നതിൽ വ്യക്തതയില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ ജില്ലാ-ബ്ലോക്ക് വിഹിതങ്ങൾ എന്ത് പ്രോജക്ടിന് ലഭിച്ചതാണ് എന്നത് വ്യക്തമല്ല. 2023-24 വർഷം ടി തുകകൾ പ്രോജക്ടുകൾക്ക് ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (17/14.10.2024) മറുപടി ലഭ്യമായില്ല. ജില്ല-ബ്ലോക്ക് വിഹിതം പഞ്ചായത്ത് ഫണ്ടിലുള്ളതിന്റെ ആധികാരികത എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പ് വിവരം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ബാധ്യതയുടെ ആധികാരികത ഉറപ്പാക്കേണ്ടതാണ്. ചെലവഴിക്കാത്ത പക്ഷം ടി തുകകൾ യഥാവിധി തിരിച്ചടച്ച് പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

**1-32 മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം സൂക്ഷിച്ചിട്ടില്ല - കണക്കുകളിൽ അവ്യക്തത**

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വിവിധ മുൻകൂറുകൾ, ഏജൻസികളിൽ നിക്ഷേപിച്ച തുക എന്നിവയുടെ 01/04/2023 ലെ മുന്നിരിപ്പ് കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു. 2023-24 ലെ അഡ്വാൻസ് രജിസ്റ്ററിൽ വിവിധ മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി നടപടി 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ)) യുടെ ലംഘനമാണ്. വിശദാംശങ്ങളിലെ അവ്യക്തത മുൻകൂർ ക്രമീകരണത്തെയും ബാധിക്കുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32 പ്രകാരം നിശ്ചിത കാലയളവുകളിൽ മുൻകൂറുകൾ ക്രമീകരിക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്. ക്രമീകരിക്കാതെ തുടരുന്ന മുൻകൂറുകളുടെ വിവരം 2023-24 Advance Register പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | മുൻകൂർ ഇനം (Details Of Advance Paid) | മുൻകൂർ തുക |
|---|---|---|---|
| 1. | 460100101 | Festival Advance | 15,000/- |
| 2. | 460500201 | കേരള വാട്ടർ അതോറിറ്റി (KWA) | 36,22,000/- |
| 3. | 460500202 | വൈദ്യുതി ബോർഡ് (KSEB Ltd.) | 18,23,386/- |
| 4. | 460500204 | ഭൂജല വകുപ്പ് (GWD) | 32,48,160/- |
| 5. | 460500501 | നിർവ്വഹണ ഉദ്യോഗസ്ഥർ | 55,990/- |
| 6. | 460500801 | MGNREGA | 12,97,708/- |
| 7. | 460509901 | മറ്റുള്ളവർക്ക് (Advance To Others) | 7,170/- |
| ആകെ 31/03/2024 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | | | 1,00,69,414/- |

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന 15,000 രൂപ ഏത് കാലയളവിൽ ഏത് ഉദ്യോഗസ്ഥൻ കൈപ്പറ്റിയ മുൻകൂർ തുകയാണെന്നതിൽ വ്യക്തതയില്ല. ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂർ ആർക്ക് ഏത് കാലയളവിൽ നൽകിയതാണ് എന്ന വിവരം രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു. നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നവ പ്രോജക്ട് വിശദാംശം, ഫണ്ട്, നിക്ഷേപിച്ച തുക, തീയതി, നിക്ഷേപിച്ച ഓഫീസ് തുടങ്ങിയ വിവരങ്ങൾ എല്ലാം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. തൊഴിലുറപ്പ് മുൻകൂർ കൃത്യമായ ശീർഷകത്തിൽ (460500801) അക്കൗണ്ട് ചെയ്തിട്ടില്ല . 1090339 രൂപയുടെ മുൻകൂർ ക്രമീകരിച്ചത് മുൻവർഷങ്ങളിലേത് തൻവർഷം ജേർണൽ വൗച്ചറിലൂടെ ഉൾപ്പെടുത്തിയതാണ്. ആയതിന്റെ ആധികാരികത വ്യക്തമല്ല. 2023-24 സാമ്പത്തിക വർഷത്തിനു മുൻപുള്ള കാലയളവിൽ ഭൂജല വകുപ്പ്(GWD), KSEB Ltd., കേരള ജല അതോറിറ്റി (KWA) എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്ക് പഞ്ചായത്ത് നിക്ഷേപിച്ചിരുന്ന 86 ലക്ഷത്തിലധികം രൂപയുടെ പ്രവൃത്തികളുടെ 31/03/2024 വരെയുള്ള പുരോഗതി (Implementation Status) പഞ്ചായത്ത് അധികാരികൾ പരിശോധിച്ച് 2023-24 Advance Register-ൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ തുക നിക്ഷേപിച്ച പ്രവൃത്തികൾ 31/03/2024 വരെ നിർവ്വഹണം തുടങ്ങിയോ എന്ന വിവരവും Advance Register-ൽ രേഖപ്പെടുത്തിയിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സെക്രട്ടറി എല്ലാ മുൻകൂറുകളും എല്ലാ സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥിരീകരിക്കേണ്ടതായിരുന്നു. എന്നാൽ വാർഡുകളിൽ ഫീൽഡ് പരിശോധന നടത്തി മേൽ പ്രവൃത്തികളുടെ കാലിക സ്ഥിതി, പ്രവൃത്തി ആരംഭിച്ചതിന്റെ വിവരങ്ങൾ തുടങ്ങിയവ ഒന്നും പഞ്ചായത്ത് രേഖകളിൽ ലഭ്യമല്ല. മുൻകൂറുകൾ ക്രമീകരിക്കാതെ ദീർഘകാലം തുടരുന്ന അവസ്ഥയ്ക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 23/14-10-2024) നൽകിയതിന് മറുപടി ലഭ്യമായില്ല. നൽകിയ എല്ലാ മുൻകൂറുകളും 2024-25 വർഷം തന്നെ ക്രമീകരിച്ച ശേഷം ക്രമീകരണ വരവ്/ജേർണൽ വൗച്ചർ Deposit Register-ൽ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്ററിലെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് സഹിതം വിശദമായ മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-33 സർക്കാർ റിക്കവറി ഇനത്തിൽ 2.21 ലക്ഷം രൂപ ദീർഘകാലമായി ഒടുക്കുന്നില്ല**

31/03/2024 ബാലൻസ് ഷീറ്റ് പ്രകാരം മുൻവർഷങ്ങളിലേതുൾപ്പടെ നിലനിൽക്കുന്ന സർക്കാർ റിക്കവറികൾ ഉൾപ്പടെയുള്ളവയുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാകാത്തതിനാൽ ആയവ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതയായി തുടരുന്നതായി വാർഷിക കണക്കുകളുടെ പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| കണക്ക് | റിക്കവറി ഇനം | തുക |
|---|---|---|

| ശീർഷകം | | |
|---|---|---|
| 350200202 | Value Added Tax | 85787 |
| 350200299 | Other Deductions | 6463 |
| 350300104 | സർവ്വീസ് ടാക്സ് | 11332 |
| 350300103 | Value Added Tax | 71777 |
| 350300111 | പ്രളയ സെസ്സ് | 8693 |
| 350300112 | കോർട്ട് ഫീസ് സ്റ്റാമ്പ് | 19860 |
| 350300199 | Others | 16719 |
| ആകെ റിക്കവറി | | 220631 |

Government Dues Register-സൂക്ഷിക്കാത്തതിനാൽ Other Deductions ഏതിനം റിക്കവറിയാണ് എന്ന് വ്യക്തമല്ല. സർവ്വീസ് ടാക്സ്, പ്രളയ സെസ്സ്, Value Added Tax, Others ഇനങ്ങളിലുള്ള തുക ഏത് കാലയളവിൽ ഏതെല്ലാം ഇടപാടുകളുമായി ബന്ധപ്പെട്ടാണ് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതെന്ന് വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 21/14.10.2024) മറുപടി ലഭ്യമായില്ല. കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് ഒടുക്കേണ്ട റിക്കവറികളുടെ എല്ലാ വിശദാംശങ്ങളും കണ്ടെത്തി ടി തുകകൾ യഥാവിധി സർക്കാരിലേക്ക് ഒടുക്കി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത തീർപ്പാക്കിയ ശേഷം ബന്ധപ്പെട്ട ട്രഷറി ചലാനുകൾ/ഒടുക്ക് രേഖകൾ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. Government Dues Register തയ്യാറാക്കി അതിൽ ഇടപാടുകൾ സാക്ഷ്യപ്പെടുത്തേണ്ടതും മേൽ പരാമർശിച്ച ഇനങ്ങൾ രേഖപ്പെടുത്തിയ പേജുകൾ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-34 ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക തിരികെ അടവാക്കിയത്- തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചു**

വാർഷിക ധനകാര്യ പത്രിക പ്രകാരം 190300404 - Prior Period Income - Recovery Of Unutilised Grants/Funds ശീർഷകത്തിൽ തൻവർഷം 22,40,000/- രൂപ വരവ് വന്നിട്ടുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിൽ അടവാക്കിയ തുകയാണെന്നാണ് കാണുന്നത്. ടി തുക ഏതൊക്കെ പ്രോജക്ടുകൾക്കായി വകയിരുത്തിയതാണെന്നും സർക്കാർ ഫണ്ടിൽ നിന്നും വകയിരുത്തിയ തുകകളാണെങ്കിൽ ആയത് തിരികെ അടവാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/10.10.2024) മറുപടിയായി ലഭ്യമാക്കിയ ടി തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 300/22 | റോയൽ ബൈപ്പാസ് - വട്ടക്കാവുങ്കൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 5,00,000/- |
| 492/21 | വെട്ടോർ പുരയിടം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 14,00,000/- |
| 235/21 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ വാർഡ് - 2 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3,40,000/- |
| | ആകെ | 22,40,000/- |

മേൽ തുക തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനായുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 622102010008007, യൂണിയൻ ബാങ്ക് - പൊൻകുന്നം ബ്രാഞ്ച്) ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്ത് ബാങ്ക് പാസ്സ് ബുക്ക് പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-35 മാവേലി സ്റ്റോർ പ്രവർത്തനത്തിനുള്ള കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങാൻ തുക ചെലവഴിച്ചു - മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല**

| | |
|---|---|
| ചെലവഴിച്ച തുക | 100000/- രൂപ |
| ചെക്ക് നം./ തീയതി | 729548/31.05.2023 |
| ഫയൽ നം | SC5 – 5362/23 |

26/11/2022 ലെ ചിറക്കടവ് ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ 11(1)-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ തെക്കേത്ത് കവലയിൽ സപ്ലൈകോയുടെ മാവേലിസ്റ്റോർ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം ആജീവനാന്തം വാടക രഹിതമായി നൽകാമെന്ന് സപ്ലൈകോ താലൂക്ക് ഡിപ്പോ അസി.മാനേജരെ അറിയിച്ചിട്ടുണ്ട്. 25/05/23 ലെ പഞ്ചായത്ത് ജനറൽ കമ്മിറ്റി 13(1) തീരുമാനപ്രകാരം തെക്കേത്ത് കവലയിൽ പുതുതായി തുടങ്ങുന്ന Supplyco യുടെ പ്രവർത്തനത്തിനായുള്ള കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങാൻ 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.386/2019/തസ്വഭവ/22.02.19 ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രണ്ടാമതായി ആരംഭിക്കാനുദ്ദേശിച്ചുള്ള മാവേലിസ്റ്റോറുകൾക്ക് 700 ചതുരശ്രയടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം അഞ്ച് വർഷം വരെ വാടക രഹിതമായി നൽകാനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നത്. ഫർണ്ണിഷിംഗിനും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനുമായി ഒരു ലക്ഷം രൂപയും അനുവദിക്കാം. ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ എല്ലാ മേഖലാ മാനേജർമാർക്കും അയച്ച എസ് - 18078/10(2)/24.06.19 നം കത്തിൽ പഞ്ചായത്തുകളിൽ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരുന്നു. ചിറക്കടവ് ഗ്രാമപഞ്ചായത്ത് ചെറുവള്ളി വില്ലേജ് പരിധിയിൽ നിലവിൽ മാവേലി സ്റ്റോർ ഇല്ലാത്തതും ആളുകൾക്ക് പൊൻകുന്നം മാവേലിസ്റ്റോറിനെ ആശ്രയിക്കേണ്ടിവരുന്നതുമായ സാഹചര്യത്തിലാണ് പഞ്ചായത്ത് പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടിക്രമം ആരംഭിച്ചത്. മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചതും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചതും സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 43/ 16.10.24) ലഭ്യമാക്കിയ മറുപടിയുടേയും എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് ഭരണസമിതി നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തെക്കേത്തു കവലയിൽ പൊൻകുന്നം സർവീസ് സഹകരണബാങ്കിന്റെ താഴത്തെനിലയിലുള്ള 419 ചതുരശ്ര അടി ഓഫീസ് മുറി ആജീവനാനന്ത വാടക രഹിതമായി സിവിൽ സപ്ളൈസ് കോർപ്പറേഷന് കരാർ പ്രകാരം വിട്ടുനൽകിയെന്നും സപ്ലൈകോ ആവശ്യമായ ഫർണിഷിംഗ് നടത്തിയെന്നുമാണ് പഞ്ചായത്ത് പ്രസിഡണ്ട് 17/10/24 ലെ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. എന്നാൽ ഇപ്രകാരമുള്ള കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അഞ്ച് വർഷം വരെ മാത്രമാണ് മുറി വാടക രഹിതമായി നൽകാൻ കഴിയുന്നത്.

2. നിലവിൽ പഞ്ചായത്തിൽ സപ്ലൈകോ മാവേലിസ്റ്റോർ പ്രവൃത്തിയ്ക്കുന്നുണ്ടെങ്കിൽ പുതിയ വിൽപ്പനശാലയ്ക്കുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണസ്ഥാപനം നൽകുമ്പോൾ ആയവ സൂപ്പർമാർക്കറ്റ് ആയി ആരംഭിക്കണമെന്നും 700 അടി വിസ്തീർണ്ണമുള്ള കെട്ടിടം ആയതിനായി നൽകണമെന്നും മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ സപ്ലൈകോ മേഖലാ മാനേജർമാർക്കയച്ച കത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോയ്ക്ക് ആജീവനാനന്ത വാടക രഹിത കെട്ടിടം മൂന്ന് ലക്ഷം രൂപ പ്രാരംഭച്ചെലവുകളുൾപ്പെടെ നൽകുവാൻ തയ്യാറായി വരുന്ന മറ്റ് ഏജൻസികളുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധനകൾ നടത്തി സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നിവ സ്ഥാപിയ്ക്കാമെന്നും നിർദ്ദേശം നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവിൽ അഞ്ച് വർഷം വരെ മാത്രം വാടകരഹിതമായി നൽകാം എന്ന് നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ ആജീവനാനന്ത വാടക രഹിതമായി കെട്ടിടം നൽകിയത് അംഗീകരിക്കാവുന്നതല്ല. 22.02.2019 ലെ സർക്കാർ ഉത്തരവിലും 24.06.19 ലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാന്റെ നിർദ്ദേശങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന വിസ്തീർണ്ണം പാലിക്കാതെ കെട്ടിടം അനുവദിച്ചതും കമ്പ്യൂട്ടർ വാങ്ങാൻ തുക അനുവദിച്ചതും ക്രമപ്രകാരമല്ല.

15/10/2024 ന് എത്രയും വേഗം സ്ഥാപനം പ്രവർത്തനമാരംഭിയ്ക്കേണ്ടതാണെന്നാവശ്യപ്പെട്ടു പഞ്ചായത്ത് പ്രസിഡണ്ട് സപ്ലൈകോ താലൂക്ക് ഡിപ്പോ കാഞ്ഞിരപ്പള്ളിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പുതുതായി വാടകകരാറിലേർപ്പെടേണ്ടതുമാണ്. സ്ഥാപനം പ്രവർത്തനം ആരംഭിയ്കാത്ത സാഹചര്യത്തിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങാൻ സപ്ലൈകോയ്ക്ക് കൈമാറിയ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-36 തെരുവ് വിളക്ക് മെയിന്റനൻസ് - പ്രവൃത്തിയിലെ അപാകതകൾ**

1) ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട്നം./ പേര് | 455/24, ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ തക | 3 ലക്ഷം (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് തുക | 167442/- (തനത് ഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി |

21 LED Flood Light (200 Watts) മെയിന്റനൻസ് നടത്തിയതിന് 5900 + 18% GST നിരക്കിലും ആറ് പില്ലറുകൾ റിപ്പയർ ചെയ്തതിനുള്ള ലേബർ ചാർജ് ഇനത്തിൽ ഒരു പില്ലറിന് 3000 + 18% GST നിരക്കിലും ആകെ 167442 രൂപ കരാറുകാരനായ ശ്രീ. രാജു മുട്ടത്ത്, മുട്ടത്ത് ഏജൻസീസ്, ചാമംപതാൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം.84/22/തസ്വഭവ/19.04.22 ഖ 3.8.4 ൽ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതി ടെക്നിക്കൽ കമ്മിറ്റിയാണ്. എന്നാൽ ടെക്നിക്കൽ കമ്മിറ്റി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടില്ല. എസ്റ്റിമേറ്റ് തുക നിർണ്ണയിച്ചതിന്റെയും സാങ്കേതികാനുമതി ലഭ്യമായതിന്റെയും വിശദാംശങ്ങൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. 20/01/24 ലെ ടെണ്ടർ നോട്ടീസിലും LED Flood Light ബൾബുകളുടെ സ്പെസിഫിക്കേഷൻ, എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച പരാമർശമില്ല.

2. വാർഡ് തിരിച്ച് ഹൈമാസ്റ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയ ‘സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ’ പഞ്ചായത്തിൽ നിലവിൽ സൂക്ഷിക്കുന്നില്ല.

3. ഹൈമാസ്റ്റ് ലൈറ്റുകളുടെ വാറന്റി പീരീഡ്, AMC എന്നിവ നിലനിൽക്കുന്നവയാണോ എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 02-08/10/24), ജില്ലാ ആസൂത്രണസമിതി ടെക്നിക്കൽ കമ്മിറ്റിയ്ക്ക് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ വിവിധ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ റിക്വസ്റ്റ് നൽകിയെങ്കിലും നാളിതുവരെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ DLTC തയ്യാറായില്ലെന്ന് പഞ്ചായത്ത് മറുപടി നൽകി. 17/10/2024 ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയും ഇക്കാര്യം അറിയിച്ചു. ഇത് മൂലം വിവിധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കാതെ പോകുന്നതായും മേലിൽ DLTC അംഗീകാരത്തോടെ മാത്രമേ പ്രവൃത്തി നിർവ്വഹണം നടത്തുകയുള്ളൂ എന്നും പഞ്ചായത്ത് അറിയിച്ചു. മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമാണ് പ്രോജക്ട് നടപ്പാക്കുന്നതെന്ന് ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്. വാർഡ് തിരിച്ചുള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

2) തെരുവ് വിളക്ക് മെയിന്റനൻസ് - പ്രോജക്ട് പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം./ പേര് | 18/24, തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് വേതനം നൽകൽ |
| അടങ്കൽ തുക | 4 ലക്ഷം (2 ലക്ഷം CFC + 2 ലക്ഷം തനത് ഫണ്ട്) |
| ചെലവ് തുക | 200000 (CFC) ബിൽ നം - 388/16-03-24 |
| നിർവ്വഹണം | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 17/24 എന്ന പ്രോജക്ട് പ്രകാരം Chipro LED ബൾബ് യൂണിറ്റിൽ നിന്നും ഒരു വർഷ വാറന്റിയോടെ 9 W LED ബൾബുകൾ 1500 എണ്ണവും 12 W LED ബൾബുകൾ 400 എണ്ണവും വാങ്ങിയതിന്റെ ഇൻസ്റ്റലേഷനാണ് 18/24 എന്ന പ്രോജക്ടിലൂടെ നടപ്പാക്കിയത്. ശ്രീ.രാജു മുട്ടത്ത്, മുട്ടത്ത് ഏജൻസീസ്, ചാമംപതാൽ എന്നയാളെയാണ് പ്രവൃത്തി ഏൽപ്പിച്ചിരുന്നത്. 1135 എണ്ണം 9 W LED ബൾബുകളാണ്, ഒരു ബൾബിന് 150 രൂപ നിരക്കിൽ 2023-24 ൽ മെയിന്റനൻസ് നടത്തിയത്. ബാക്കി 365 9 W ബൾബുകളും 400 12 W ബൾബുകളും മെയിന്റനൻസ് നടത്തി പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (41/16.10.2024) ന് മറുപടിയായി 1135 ബൾബുകൾ മാത്രമാണ് 2023-24 ൽ മെയിന്റനൻസ് നടത്തിയിട്ടുള്ളൂ എന്നും ബാക്കി വന്ന ബൾബുകൾ സ്റ്റോക്കിൽ ഉൾപ്പെടുത്തി മെയിന്റനൻസ് നടത്തുന്നതിനുവേണ്ടി കരാറുകാരന് കൈമാറി നൽകിയിട്ടുണ്ട് എന്നും സ്പിൽ ഓവർ പ്രോജക്ടായി നിലവിൽ മെയിന്റനൻസ് നടത്തി വരുന്നതുമാണ് എന്നും അറിയിച്ചു. പൂർത്തീകരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2. വാർഡ് തിരിച്ച് തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ നിലവിൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ലെന്നും മൂവായിരത്തോളം തെരുവ് വിളക്കുകളുടെ വിവരങ്ങൾ ശേഖരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടി നൽകി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**1-37 ബെയ് ലിംഗ് മെഷീൻ വാങ്ങൽ - മെഷീൻ പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നം., പേര് | 512/24, ബെയ് ലിംഗ് മെഷീൻ വാങ്ങൽ |

| | |
|---|---|
| അടങ്കൽ തുക | 560000/-(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>240000/-(തനത് ഫണ്ട് )<br>ആകെ - 800000/- രൂപ |
| ചെലവ് തുക | 391846/-(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>(വൗച്ചർ നം - 22301590 / 31.03.24)<br>167934/- (തനത് ഫണ്ട് )<br>(ചെക്ക് നം - 888077/15.03.24)<br>ആകെ - 559780/- രൂപ |
| നിർവ്വഹണം | സെക്രട്ടറി |

ഹരിതകർമ്മസേന പ്രവർത്തനത്തിനായി RJ എന്റർപ്രൈസസിൽ നിന്നും Hydraulic Bailing Machine -1 No (493000/- രൂപ), Hydraulic Oil For Bailing Machine 210 Lr ( 66780/- രൂപ) എന്നിവ 06/02/24 ലെ ഇൻവോയ്സ് പ്രകാരം വാങ്ങി മെയിൻ എം സി എഫ് ന് സമീപം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ Bailing Machine പ്രവർത്തനം തുടങ്ങിയിട്ടില്ലെന്ന് 16/10/2024 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. മെഷീൻ ഉപയോഗപ്പെടുത്താത്തതിനുള്ള കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ (45/17.10.24) നം ഓഡിറ്റ് എൻക്വയറിയ്ക്ക്, നിലവിൽ എം സി എഫിൽ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിയ്ക്കാത്തതിനാലാണ് മെഷീന്റെ പ്രവർത്തനം തുടങ്ങാത്തതെന്നും ഇലക്ട്രിസിറ്റി കണക്ഷനുവേണ്ടി അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മെഷീന്റെ പ്രവർത്തനം ആരംഭിയ്ക്കുന്നതാണെന്നും മറുപടി നൽകി. മെഷീൻ പ്രവർത്തനം ആരംഭിയ്ക്കാത്ത സാഹചര്യത്തിൽ, ടി പ്രോജക്ടിനായി ചെലവഴിച്ച 559780/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എം സി എഫ് വൈദ്യുതീകരണം പൂർത്തിയാക്കി മെഷീൻ പ്രവർത്തനയോഗ്യമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**<u>1-38 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് - അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ്</u>**

| പ്രോജക്ട് നം./ പേര് | ചെലവ് തുക |
|---|---|
| 19/24, ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | തനത് ഫണ്ട് - 24384/- രൂപ<br>(ചെക്ക് നം - 610342/27.03.24)<br>സി എഫ് സി - 176800/- രൂപ<br>(XVFC/23-24/ P-20/16.03.24)<br>ആകെ - 201184/- രൂപ |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗിനായി 201184/- രൂപ പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ നിക്ഷേപിച്ചിരുന്നു. 17/10/24 ൽ പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭിച്ച DB/2024/ECSC കത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ 176800/- രൂപയാണ് ആയതിന് ചെലവ് വരുകയെന്നും പ്രസ്തുത തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക 24384/- രൂപ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 146528/- രൂപയുടെ കൃത്യമായ വിനിയോഗ സാക്ഷ്യപത്രമാണ് പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി ചെലവഴിച്ച 30272/- രൂപയുടെ (176800 - 146528) വിനിയോഗ സാക്ഷ്യപത്രം നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കാനും ചെലവഴിക്കാൻ അവശേഷിക്കുന്ന 24384 രൂപ തിരികെ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. 30272/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാലും ബാലൻസ് തുക 24384/- രൂപ തിരികെ ലഭിച്ചിട്ടില്ലാത്തതിനാലും ആകെ 54656/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>1-39 കർഷക മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് -നിർമ്മാണം പൂർത്തിയായില്ല.</u>**

ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ പൊൻകുന്നം ടൗണിന്റെ ഹൃദയഭാഗത്ത് ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 52/1 ൽ ഉൾപ്പെട്ട 98 സെന്റ് സ്ഥലത്താണ് അഞ്ച് കോടി രൂപ അടങ്കലിൽ ഷോപ്പിംഗ് കോംപ്ലക്സ്

കെട്ടിടം നിർമ്മിക്കുന്നതിന് 2018-19 വർഷം പ്രോജക്ട് ഏറ്റെടുത്തത്. 5 കോടി അടങ്കലിൽ 4.75 കോടി രൂപ നബാർഡ് ധനസഹായവും 25 ലക്ഷം രൂപ തനത് ഫണ്ടുമാണ് വകയിരുത്തിയിരുന്നത്. നാളിതുവരെ 38831731/- രൂപ പദ്ധതിക്ക് ചെലവ് വന്നിട്ടുണ്ട്. ഇതിൽ 37781576/- രൂപ നബാർഡ് ധനസഹായവും 1050155/- രൂപ തനത് ഫണ്ടുമാണ്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ | നബാർഡ് ധനസഹായം | ബിൽ നം/ തീയതി | തനത് ഫണ്ട് | ബിൽ നം/ തീയതി | ആകെ |
|---|---|---|---|---|---|
| 1-ാം പാർട്ട് ബിൽ | 8543967 | 554/30.3.20 | 0 | - | 8543967 |
| 2-ാം പാർട്ട് ബിൽ | 9277609 | 23/15.6.21 | 0 | - | 9277609 |
| 3-ാം പാർട്ട് ബിൽ | 5908000 | 286/2.2.22 | 310736 | 287/2.2.22 | 6218736 |
| 4-ാം പാർട്ട് ബിൽ | 5154000 | 92/21.7.22 | 270580 | 93/21.7.22 | 5424580 |
| 5-ാം പാർട്ട് ബിൽ | 2042000 | 21/15.6.23 | 107542 | 22/15.6.23 | 2149542 |
| ഫൈനൽ ബിൽ | 6856000 | 498/26.3.24 | 361297 | 499/26.3.24 | 7217297 |
| ഒട്ടാകെ | 37781576/- | | 1050155/- | | 38831731/- |

ഓഡിറ്റ് വർഷം കർഷക മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണത്തിനായി 3 പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | അടങ്കൽ | തൻവർഷ ചെലവ്/ഫണ്ടിനം | മുൻവർഷത്തെ ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|
| 1 | 355/24 അഗ്രിക്കൾച്ചർ മാർക്കറ്റ് സെപ്റ്റിക് ടാങ്ക് നിർമ്മാണം | 1394674 | 929524/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ബിൽ നം. 10/25.5.23 | 2205326/- (773000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 600000- ശുചിത്വമിഷൻ + 832326- തനത് ഫണ്ട്. | 3134850 |
| 2 | 438/24 മാർക്കറ്റ് കോംപ്ലക്സ് ടൈൽ പാകൽ, ഇന്റർ ലോക്ക് ടൈൽ പാകൽ | 2500000 | 1625046/- (560000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബിൽ നം. 411/19.3.24 + 1065046- തനത് ഫണ്ട്- (959844- ബിൽ നം. 289/7.2.24, 105202- ബിൽ നം. 4427/22.3.24) | 0 | 1625046/- |
| 3 | 358/24 കർഷക മാർക്കറ്റ് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം | 20066110 (18616424- നബാർഡ് ധനസഹായം+ 1449686- തനത് ഫണ്ട്) | 9366839/- {8898000- നബാർഡ് ധനസഹായം (2042000ബിൽ നം. 21/15.6.23+ 6856000- ബിൽ നം.498/26.3.24) + 468839- തനത് | 0 | 9366839/- |

| | | | | | |
|---|---|---|---|---|---|
| | | | ഫണ്ട് (107542- ബിൽ നം. 22/15.6.23 + 361297- ബിൽ നം.499/26.3.24) | | |
| | | ആകെ തൻവർഷ ചെലവ് | 1,19,21409/- രൂപ | | |

14.1.2019 ൽ കരാർ വെച്ച് ഏറ്റെടുത്ത പ്രവൃത്തി 5 വർഷം കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ല. ടെറസ് റൂഫിംഗ്, ഇലക്ട്രിഫിക്കേഷൻ, ഫ്രണ്ട് യാർഡ് ടൈൽ പാകൽ, സാനിട്ടറി ഇനങ്ങൾ തുടങ്ങിയ പ്രവൃത്തികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. കർഷക മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് വരുമാനദായകമാക്കുന്നതിനും കർഷകർക്ക് പ്രയോജനപ്രദമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട മേൽ 3 പ്രോജക്ടുകൾക്കായി തൻവർഷം ചെലവഴിച്ച 1,19,21409/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-40 ആൽത്തറ- ആലപ്പാട്ടുപടി കുടിവെള്ള പദ്ധതി- പൂർത്തീകരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നം. | 364/24 (114/23) |
| അടങ്കൽ | 793232 രൂപ (573232 രൂപ- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 220000 രൂപ- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 573232 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് 2023-24 വർഷം സ്പിൽ ഓവറായി തുടർന്നതാണ് മേൽ പ്രോജക്ട്. വാർഡ് 8 ൽ സറണ്ടർ ലഭിച്ച ഭൂമിയിൽ പ്രോജക്ട് പ്രകാരം 6.8mx6.8mx6m അളവിൽ RCC കുളവും കുളത്തിനോട് ചേർന്ന് 1.4mx1.4m അളവിൽ സ്റ്റീൽ സ്ട്രക്ചറിൽ പമ്പ് ഹൗസും നിർമ്മിച്ച് 550 മീറ്റർ നീളത്തിൽ HDPE പൈപ്പും (75mm 10kg/Cm2) സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ | ചെലവ് തുക | ബിൽ നം/ തീയതി | ഫണ്ടിനം | വർഷം |
|---|---|---|---|---|
| ഒന്നാം പാർട്ട് ബിൽ | 426768 | 523/30.3.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2022-23 |
| രണ്ടാം പാർട്ട് ബിൽ | 373371 | 47/ 20.7.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2023-24 |
| ഫൈനൽ ബിൽ | 199861 | 518/ 30.3 2024 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2023-24 |
| ആകെ | 1000000 | | | |

ഫൈനൽ ബില്ലിന്റെ ആകെ പ്രവൃത്തി മൂല്യമായ 378090 രൂപയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 199861 രൂപ നൽകി. ബാക്കി തുക 178229 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും നൽകുന്നതിനായി 519/ 30.3.2024-ാം നമ്പരായി ബിൽ തയ്യാറാക്കിയെങ്കിലും തൻവർഷം ചെലവായില്ല. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് ഏറ്റെടുക്കുന്നതിന് മുൻപ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

2) കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി വിതരണലൈൻ, മോട്ടോർ എന്നിവ സ്ഥാപിക്കൽ, വൈദ്യുതീകരണം തുടങ്ങിയ ഇനങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച ഇനങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണവും കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ വിവരവും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (12/14.10.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2024-25 വർഷം 2838200 രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്നും 2025 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു. കുടിവെള്ള

പദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 2023-24 വർഷത്തെ ചെലവ് തുക 573232 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-41 എസ്റ്റിമേറ്റിൽ വകയിരുത്തിയതിലും അധിക നിരക്കിൽ ജി.എസ്.റ്റി- അനുവദിച്ചു.**

1)

| | |
|---|---|
| പ്രോജക്ട് നം., പേര് | 364/24 (114/23), ആൽത്തറ-ആലപ്പാട്ടുപടി കുടിവെള്ള പദ്ധതി വാർഡ്-8 |
| അടങ്കൽ | 793232 രൂപ (573232 രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 220000 രൂപ – ബ്ലോക്ക് വിഹിതം) |
| ചെലവ് | 573232 രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

1220000 രൂപ അടങ്കൽ വകയിരുത്തി 2022-23 വർഷം സാങ്കേതികാനുമതി (TS No 95793/2021-22) ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെച്ചിരുന്നത് 12% ആയിരുന്നു. 2023-24 ൽ റിവൈസ് ചെയ്ത എസ്റ്റിമേറ്റിലും (TS No 95793/2021-22/3.3.2024) ജി.എസ്.റ്റി പ്രൊവിഷൻ വെച്ചത് 12% ആണ്. പ്രവൃത്തിയുടെ തുക നൽകിയപ്പോൾ ആകെ പ്രവൃത്തി മൂല്യമായ 998500 രൂപയോടുകൂടി 18% നിരക്കിൽ ജി.എസ്.റ്റി കണക്കാക്കി അനുവദിച്ചതായി കാണുന്നു. 998500 രൂപ പ്രവൃത്തി മൂല്യത്തിന് 12% നിരക്കിൽ അനുവദിക്കാവുന്ന ജി.എസ്.റ്റി 119820 രൂപയാണ്. എന്നാൽ 18% നിരക്കിൽ 179730 രൂപ അനുവദിച്ചു. അധികച്ചെലവ്- 59910 രൂപ ( 179730- 119820).

2)

| | |
|---|---|
| പ്രോജക്ട് നം., പേര് | 355/24 (270/22), അഗ്രിക്കൾച്ചർ മാർക്കറ്റ് എസ്.റ്റി.പി സെപ്റ്റിക് ടാങ്ക് നിർമ്മാണം |
| അടങ്കൽ | 1394674 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 929524 രൂപ (ബിൽ നം. 10/ 25.5.23 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

3000000 രൂപ അടങ്കൽ വകയിരുത്തി 2021-22 വർഷം സാങ്കേതികാനുമതി (TS No 75650/2021-22/15.1.22) ലഭിച്ച പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെച്ചിരുന്നത് 12% ആയിരുന്നു. 2022-23 ലും 2023-24 ലും സ്പിൽ ഓവറായി തുടർന്ന പ്രവൃത്തിയുടെ തുക നൽകിയപ്പോൾ ആകെ പ്രവൃത്തി മൂല്യത്തോടുകൂടി 18% നിരക്കിൽ ജി.എസ്.റ്റി കണക്കാക്കി അനുവദിച്ചതായി കാണുന്നു. ഫൈനൽ ബിൽ പ്രകാരമുള്ള ആകെ 2656652 രൂപ പ്രവൃത്തി മൂല്യത്തിന് 12% നിരക്കിൽ അനുവദിക്കാവുന്ന ജി.എസ്.റ്റി 318798 രൂപയാണ്. എന്നാൽ 18% നിരക്കിൽ 478197 രൂപ അനുവദിച്ചു. അധികച്ചെലവ്- 159399 രൂപ (478197- 318798). എസ്റ്റിമേറ്റിൽ ജി.എസ്.റ്റി പ്രൊവിഷൻ വെച്ചിരുന്നതിലും അധിക നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (4/8.1024, 33/14.10.24) മറുപടി ലഭ്യമാക്കിയതിൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ നിലവിലുണ്ടായിരുന്ന ജി.എസ്.റ്റി നിരക്ക് 12% ആയിരുന്നെന്നും പ്രവൃത്തി പൂർത്തിയാക്കി ബില്ല് തയ്യാറാക്കിയ അവസരത്തിൽ ജി.എസ്.റ്റി നിരക്ക് വർദ്ധിപ്പിച്ച് 18% ആക്കിയെന്നും അറിയിച്ചു. അധിക നിരക്കിൽ ജി.എസ്.റ്റി. അനുവദിച്ചതിന് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് സാധൂകരിക്കുന്നതാണെന്നും അറിയിച്ചു. എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നതിലും അധിക നിരക്കിൽ ജി.എസ്.റ്റി അനുവദിച്ചത് ഉചിതമായ അധികാര സ്ഥാനത്തു നിന്നും സാധൂകരണം വാങ്ങി അറിയിക്കേണ്ടതാണ്.

**1-42 അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.**

ചിറക്കടവ് ഗ്രാമ പഞ്ചായത്തിലെ LID & EW സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്. ബി. ഐ പൊൻകുന്നം ടൗൺ ബ്രാഞ്ചിൽ ഉള്ള കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 37128129494). 10.10.2024 ൽ 94585/- രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ഈ തുക ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 47/17.10.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ട് വകയിരുത്തി നടപ്പാക്കിയ പ്രവൃത്തികളുടെ ചെക്ക് നൽകിയപ്പോൾ കിഴിവ് ചെയ്ത റിടെൻഷൻ തുകയാണ് നീക്കിയിരിപ്പുള്ളത് എന്ന് അറിയിച്ചു. ടി തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതാണ് എന്ന് അറിയിച്ചു. നീക്കിയിരിപ്പ് തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

**1-43 കുടിവെള്ള ടാങ്ക് വിതരണ പദ്ധതി - 21,063/- രൂപയുടെ അധിക ചെലവ്**

വാർഷിക പദ്ധതിയുടെ ഭാഗമായി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കുടിവെള്ള ടാങ്ക് വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. /പേര് | ഫണ്ട് അടങ്കൽ/ ചെലവ് | സപ്ലയറുടെ പേര്/വിലാസം | ഭരണസമിതി ടെൻഡർ അംഗീകാരം | യൂണിറ്റ് കോസ്റ്റ് (Rs.) | ആകെ ചെലവഴിച്ച തുക/ബിൽ നം. | ഇൻവോയ്സ് നം./തീയതി |
|---|---|---|---|---|---|---|---|
| 1) | 04/2024 കുടിവെള്ള ടാങ്ക് വിതരണം (SCSP) | SCSP + B.C 2,09,856/ 2,09,580 | സൗത്ത് ഇൻ പോളിമേഴ്സ് തേങ്കുറിശ്ശി പാലക്കാട് GSTIN : 32AAWFS 1237M1ZR | 6(2)/18.11.23 നം. തീരുമാനം | 2,495/- | Rs. 2,09,580/- (Rs. 2495/- X 84 Nos.) ബിൽ നം. 305/14.02.24 | SIP 3128/09.02.24 SIP 3129/09.02.24 SIP 3130/01.03.24 |
| 2) | 09/2024 കുടിവെള്ള ടാങ്ക് വിതരണം (TSP) | CFC 76,000/ 73,458 | ട്രൈ ടെക് ട്രേഡേഴ്സ് ശാസ്തമംഗലം തിരുവനന്തപുരം GSTIN : 32AHLPT 3923H1Z8 | 4(2)/15.02.24 നം. തീരുമാനം | 3,498/- | Rs. 73,458/- (Rs. 3498/- X 21 Nos.) ബിൽ നം. 370/11.03.24 | 46/01.03.24 |

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ ഗുണഭോക്താക്കൾക്ക് 500 ലിറ്റർ പി. വി. സി വാട്ടർ ടാങ്ക് വിതരണം ചെയ്യുന്ന പദ്ധതിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വ്യത്യസ്ത ടെണ്ടർ മുഖാന്തിരമാണ് വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത്. പ്രോജക്റ്റ് നം. 04/2024 -ന്, വാട്ടർ ടാങ്ക് യൂണിറ്റ് കോസ്റ്റ് 2,495/- രൂപയ്ക്കും, പ്രോജക്റ്റ് നം. 09/2024-ന്, വാട്ടർ ടാങ്ക് യൂണിറ്റ് കോസ്റ്റ് 3,498/- രൂപയ്ക്കും സമർപ്പിച്ച ടെണ്ടറുകൾക്കാണ് ഭരണസമിതി അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട്, ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകെ വാങ്ങിയ '105' വാട്ടർ ടാങ്കുകൾക്ക്, യൂണിറ്റ് കോസ്റ്റ് 2,495/- രൂപ പ്രകാരം പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിൽ, 2,61,975/- രൂപയ്ക്ക് പദ്ധതി പൂർത്തീകരിയ്ക്കുവാൻ സാധിക്കുമായിരുന്നുവെന്ന് കാണുന്നു. നിലവിൽ, രണ്ട് പദ്ധതികൾക്കുമായി ആകെ ചെലവഴിച്ചിരിക്കുന്നത് (പ്രോജക്റ്റ് നം. 04/2024 -ലെ ഗുണഭോക്തൃവിഹിതം തുകയായ 59,724/- രൂപ ഉൾപ്പെടെ) 2,83,038/- രൂപയാണ്. രണ്ട് പദ്ധതികളിലെയും വാട്ടർ ടാങ്ക് സ്പെസിഫിക്കേഷനുകളിൽ, കാര്യമായി പരിഗണിക്കപ്പെടേണ്ട വ്യത്യസ്തതകൾ ഇല്ലാതിരിക്കെ, വ്യത്യസ്ത ടെണ്ടറുകൾ നടത്തി 21,063/- രൂപ അധികം ചെലവഴിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/10.10.2024), പ്രോജക്റ്റ് നം. 04/24 - ന്റെ ടെൻഡർ ക്ഷണിച്ച സമയത്ത്, പ്രോജക്റ്റ് നം. 09/24 വെറ്റ് ചെയ്ത് ലഭിക്കുകയോ CFC ഫണ്ട് അനുവദിക്കുകയോ ചെയ്തിരുന്നില്ലാത്തതിനാലാണ് വ്യത്യസ്ത ടെൻഡർ ക്ഷണിക്കേണ്ട സാഹചര്യം ഉണ്ടായതെന്നും, CFC ഫണ്ട് അനുവദിച്ചു വന്ന സമയത്ത് പ്രോജക്റ്റ് നം. 04/24 പദ്ധതിയ്ക്ക് വാട്ടർ ടാങ്ക് ലഭ്യമാക്കിയ സ്ഥാപനത്തിന്, '21' ടാങ്കുകൾ മാത്രമായി പാലക്കാട് നിന്നും ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ അറിയിച്ചതിനാലുമാണ് പദ്ധതി നിർവ്വഹണത്തിൽ ഇപ്രകാരം തുടർനടപടികൾ സ്വീകരിച്ചതെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഇപ്രകാരമുള്ള പിഴവുകൾ അവർത്തിക്കാതിരിയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധയും മാർഗ്ഗനിർദ്ദേശങ്ങളും ഈ വിഷയങ്ങളിൽ ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**1-44 ലൈഫ് ഭവന പദ്ധതി - വായ്പ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു**

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായുള്ള ഹഡ്കോ വായ്പ (KURDFC) ഇനത്തിൽ, 46,60,000/- രൂപ തൻവർഷം സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്. കാനറ ബാങ്ക് ലോൺ അക്കൗണ്ടിലെ (നം. 10043674669) നീക്കിയിരിപ്പ് തുക 3,67,706/- രൂപയും (31.03.2024 പ്രകാരം), SBI തനത് ഫണ്ട് അക്കൗണ്ടിലെ (നം. 33730360413) നീക്കിയിരിപ്പ് തുക 1,58,36,820/- രൂപയുമാണ് (31.03.2024 പ്രകാരം).

| ക്രമ നം. | വായ്പ തുക ലഭ്യമായ ബാങ്ക് | തുക ലഭ്യമായ തീയതി | വായ്പ തുക |
|---|---|---|---|

| | | | |
|---|---|---|---|
| | അക്കൗണ്ട് | | |
| 1 | കാനറ ബാങ്ക് ലോൺ അക്കൗണ്ട് | 15.06.2023 | 3,20,000/- |
| 2 | SBI തനത് ഫണ്ട് അക്കൗണ്ട് | 19.07.2023 | 8,00,000/- |
| 3 | കാനറ ബാങ്ക് ലോൺ അക്കൗണ്ട് | 29.07.2023 | 1,60,000/- |
| 4 | കാനറ ബാങ്ക് ലോൺ അക്കൗണ്ട് | 07.08.2023 | 2,80,000/- |
| 5 | SBI തനത് ഫണ്ട് അക്കൗണ്ട് | 06.12.2023 | 3,00,000/- |
| 6 | SBI തനത് ഫണ്ട് അക്കൗണ്ട് | 30.12.2023 | 16,00,000/- |
| 7 | SBI തനത് ഫണ്ട് അക്കൗണ്ട് | 12.03.2024 | 7,00,000/- |
| ആകെ | | | 46,60,000/- |

സ്ഥാപനത്തിന് വായ്പ ഇനത്തിൽ തൻവർഷം ലഭ്യമായ 46,60,000/- രൂപയിൽ, ചെലവഴിയ്ക്കുവാൻ അവശേഷിയ്ക്കുന്ന തുകയുടെ 31.03.2024 പ്രകാരമുള്ള സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/14.10.2024), 31.03.2024 ലെ കണക്കുകൾ പ്രകാരം 45,00,000/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, ശേഷിക്കുന്ന 1,60,000/- രൂപ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവഴിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണത്തിനും, നിർമ്മാണ പ്രവൃത്തികളുടെ സ്റ്റേജ് കംപ്ലീഷനും ആനുപാതികമല്ലാതെ മുൻകൂർ, ലോൺ തുക അക്കൗണ്ടിൽ നിലനിർത്തുന്നതും, തുക ചെലവഴിക്കാതെ തുടരുന്നതും ക്രമപ്രകാരമല്ല. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രം തുക വിതരണം ചെയ്യുന്നതിനായി വായ്പ തുകയ്ക്ക് റിക്വസിഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വായ്പ തുക ചെലവഴിക്കാൻ സാധിക്കാതെ വരുന്നതുമൂലം വായ്പ തുകയ്ക്ക് ആനുപാതികമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള പലിശ തുകയും ഈ കാലയളവിൽ നൽകേണ്ട സാഹചര്യം ഉണ്ടാകുന്നു. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, ഭവന നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അനുസൃതമായ തുക മാത്രം അതത് സമയങ്ങളിൽ റിക്വസിഷൻ നടപടികൾ സ്വീകരിച്ച് അക്കൗണ്ടിൽ നിലനിർത്തേണ്ടതും ചെലവഴിക്കേണ്ടതുമാണ്.

**1-45 ലൈഫ് ഭവന പദ്ധതി - നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല**

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം, ഭവന നിർമ്മാണത്തിന് മുൻ വർഷങ്ങളിൽ ധന സഹായം കൈപ്പറ്റിയിട്ടും നിലവിലും പണി പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്റ്റേജ് | അനുവദിച്ച് നൽകിയ തുക | തുക അനുവദിച്ച് നൽകിയ തീയതി |
|---|---|---|---|---|
| 1) | സരസമ്മ കാലായിൽ ചിറക്കടവ് തെക്കേത്തുകവല | ബേസ്മെന്റ് | 40,000/-<br>1,60,000/- | 14.09.2018<br>04.01.2019 |
| 2) | രജനി രാജഗോപാലൻ പുളിക്കൽ പുത്തൻവീട്ടിൽ പൊൻകുന്നം | നിർമ്മാണ പ്രവൃത്തികൾ ഒന്നും ആരംഭിച്ചിട്ടില്ല | 40,000/- | 27.11.2018 |
| 3) | രാഹുൽ രാജേഷ് വട്ടക്കാവുങ്കൽ | ബേസ്മെന്റ് | 40,000/-<br>1,60,000/- | 22.08.2022<br>21.01.2023 |

| | | | | |
|---|---|---|---|---|
| | പൊൻകുന്നം | | | |
| 4) | വിപിൻ ബേബി<br>പതിയാംപറമ്പിൽ<br>പൊൻകുന്നം | ബേസ്മെന്റ് | 40,000/-<br>1,00,000/- | 30.12.2022<br>07.08.2023 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ സാഹചര്യം സംബന്ധിച്ചും, നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/15.10.2024), പ്രസ്തുത ഗുണഭോക്താക്കൾക്ക് പല തവണ കത്ത് നൽകുകയും, നേരിൽ കണ്ട് ഭവന നിർമ്മാണം പൂർത്തീകരിയ്ക്കണമെന്ന് നിർദ്ദേശം നൽകുകയും, ചെയ്തിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ക്രമ നം. (1) & (2) -മായി ബന്ധപ്പെട്ട് ബഹു. ഭരണസമിതി തീരുമാനം പ്രകാരം, സബ് കമ്മിറ്റി രൂപീകരിച്ചെങ്കിലും, തുടർനടപടികൾ ഉണ്ടായിട്ടില്ലെന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. ബന്ധപ്പെട്ട വാർഡ് മെമ്പർമാർ ഉൾപ്പെടെ, ഭരണസമിതിയുടെ ശക്തവും ഉചിതവുമായ നടപടികളോടെ, പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി, പരമാവധി ഇടപെടൽ ഉണ്ടാകേണ്ടതാണ്. തുടർന്നും ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെങ്കിൽ, നാളിതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത കക്ഷികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-46 ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി, വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, ഭവന പുനരുദ്ധാരണം (ജനറൽ) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 61 ഗുണഭോക്താക്കൾക്കായി ധന സഹായ തുക അനുവദിച്ചതിൽ 44 പേർക്ക് 75000/- രൂപ പ്രകാരവും, 17 പേർക്ക് മുൻകൂർ തുകയായ 30000/- രൂപ പ്രകാരവും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം./ പേര് | 187/2024<br>ഭവന പുനരുദ്ധാരണം (ജനറൽ) |
| ഫണ്ട്<br>അടങ്കൽ/ചെലവ് | വികസന ഫണ്ട് (ജനറൽ)<br>61,50,000/- / 38,10,000/- |
| ബിൽ നം./തീയതി | 136/11.10.2023<br>216/15.12.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ചെറുവള്ളി സർക്കിൾ |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി, ശ്രീമതി. സുമതി അമ്മ, നാടുവിലാത്ത്, പൊൻകുന്നം എന്നയാൾക്ക്, പദ്ധതിയുടെ ആദ്യ ഗഡുവായി 30,000/- രൂപ 11.10.2023 തീയതിയിൽ ടിയാളുടെ 67135012494 നം. SBI ബാങ്ക് അക്കൗണ്ടിലും, ശ്രീമതി. വത്സമ്മ. പി. എസ്, ആറ്റുപുറത്ത് വീട്, ചെറുവള്ളി എന്നയാൾക്ക്, പദ്ധതിയുടെ ആദ്യ ഗഡുവായി 30,000/- രൂപ 15.12.2023 തീയതിയിൽ ടിയാളുടെ 67354836579 നം. SBI ബാങ്ക് അക്കൗണ്ടിലും, ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. 11.10.2023 തീയതിയിൽ ആദ്യ ഗഡു തുക അനുവദിച്ച് നൽകിയിട്ട് നാളിതുവരെ പദ്ധതി പൂർത്തീകരിയ്ക്കാതെ തുടരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (36/15.10.2024), മറുപടി ലഭ്യമായതിൽ ശ്രീമതി. വത്സമ്മ. പി. എസ് എന്നയാൾക്ക് ഓഡിറ്റ് വർഷം പ്രവൃത്തി പൂർത്തീകരിയ്ക്കുവാൻ സാധിച്ചിട്ടില്ലെന്നും, എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, വാല്യുവേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക കൂടെ നൽകി പദ്ധതി പൂർത്തീകരിക്കുമെന്നുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ശ്രീമതി. സുമതി അമ്മ എന്നയാൾക്ക് അനുവദിച്ച് നൽകിയ തുകയുമായി ബന്ധപ്പെട്ട്, മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, പ്രവൃത്തി പൂർത്തീകരിക്കാതെ തുടരുന്നുവെങ്കിൽ ടിയാൾ കൈപ്പറ്റിയിട്ടുള്ള മുൻകൂർ തുകയായ 30,000/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാകുന്നതുവരെ, വികസന ഫണ്ട് (ജനറൽ) വിഭാഗത്തിലുള്ള 60,000/- രൂപയുടെ (30,000 + 30,000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 സഖി - വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പേര് | 15/24, സഖി |
| അടങ്കൽ തുക | 300000/- (സി എഫ് സി) |
| ചെലവ് | 300000/- (സി എഫ് |

| | |
|---|---|
| | സി) (വൗച്ചർ നം - 22301590 / 31.03.24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

പ്രോജക്ട് പ്രകാരം നീതി മെഡിക്കൽ സ്റ്റോർ പൊൻകുന്നത്ത് നിന്നും 1057 മെൻസ്ട്രുവൽ കപ്പുകൾ ബിൽ നം. 22822/22.11.23 പ്രകാരം വാങ്ങിയിട്ടുണ്ട്. സി എച്ച് സി യിൽ നിന്നും ആവശ്യമായ ബോധവത്കരണം നടത്തി വിതരണം പുരോഗമിക്കുന്നുണ്ടെങ്കിലും നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ടിനായി ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ കപ്പുകൾ ഉപയോഗിക്കാൻ തയ്യാറാണെന്ന് ഉറപ്പ് വരുത്തി മാത്രം ആവശ്യമായ ഉപകരണങ്ങൾ വാങ്ങേണ്ടതായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാങ്ങിയത് | വിതരണം നടത്തിയത് | വിതരണത്തിനായി അവശേഷിക്കുന്നത് |
|---|---|---|---|
| Small | 250 | 195 | 55 |
| Medium | 600 | 434 | 166 |
| Large | 250 | 250 | 0 |
| ആകെ | | | 221 |

നൂതനമായ പ്രോജക്ട് എന്ന നിലയിൽ ബോധവത്ക്കരണ പരിപാടികൾക്കുശേഷം ഉപകരണം ലഭിക്കുവാൻ ആഗ്രഹിക്കുന്ന വനിതകളുടെ യഥാർത്ഥ എണ്ണം തിട്ടപ്പെടുത്തി മാത്രം വാങ്ങൽ നടത്തേണ്ട ഒരു പ്രോജക്ടായിരുന്നു ഇതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആവശ്യകത നിർണ്ണയിക്കാതെ വകയിരുത്തിയ മുഴുവൻ തുകയ്ക്കും വാങ്ങൽ നടത്തിയ നടപടി പദ്ധതിപ്പണത്തിന്റെ ദുരുപയോഗമായി കാണുന്നു.കപ്പുകൾ പൂർണ്ണമായി വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്. ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാത്ത സാഹചര്യത്തിൽ അവശേഷിക്കുന്ന കപ്പുകളുടെ തുകയായ 62764 രൂപ (221 X Rs 284 = 62764) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് വിതരണ പദ്ധതി - അധികം തുക അനുവദിച്ച് നൽകി

വാർഷിക പദ്ധതിയുടെ ഭാഗമായി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിവിധ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | 02/2024 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ് (SCSP) |
| ഫണ്ട് അടങ്കൽ / ചെലവ് | SCSP 3,95,000/- / 3,95,000/- |
| ബിൽ നം. / തീയതി | 159/06.11.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

**1)** ടി പദ്ധതി പ്രകാരം അമൽ വിജയ്, തുണ്ടിയിൽ, മണ്ണാറക്കയം എന്നയാൾക്ക് 25,000/- രൂപ സ്കോളർഷിപ് അനുവദിച്ച് നൽകിയിട്ടുണ്ട് (SBI അക്കൗണ്ട് നം. 37223760840 - SBIN0070115). സബ്സിഡി മാർഗ്ഗരേഖ സ. ഉ. (കൈ) നം. 115/2022/തസ്വഭവ/28.05.2022, ഖ. (7.2.4)/ക്രമ നം. (2) പ്രകാരമാണ് (എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദം) തുക അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ, ടിയാൾ ടോംസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മറ്റക്കര എന്ന സ്ഥാപനത്തിൽ ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്) കോഴ്സിന് ചേർന്ന് പഠനം തുടരുന്നതായാണ് പ്രോജക്റ്റ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം, പോളിടെക്നിക്/ ഐ. റ്റി. ഐ കോഴ്സുകൾക്ക് (ക്രമ നം. '6' പ്രകാരം) 20,000/- രൂപയാണ് സ്കോളർഷിപ്പ് തുക നിർദ്ദേശിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. സ്കോളർഷിപ്പ് തുക ഇനത്തിൽ 5000/- രൂപ അധികം അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/10.10.2024), 'എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ ബിരുദം' എന്ന രീതിയിലാണ് ടിയാൾക്ക് 25,000/- രൂപ സ്കോളർഷിപ് തുക അനുവദിച്ച് നൽകിയതെന്ന മറുപടി ലഭ്യമായിട്ടുണ്ട്. പോളിടെക്നിക്/ ഐ. റ്റി. ഐ കോഴ്സുകൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ് തുകയുടെ വിശദാംശങ്ങൾ പ്രത്യേകം പരാമർശിച്ചിരിക്കെ, സർക്കാർ ഉത്തരവിൽ നിന്നും വ്യതിചലിച്ച് അധികം തുക അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ സ്കോളർഷിപ് ഇനത്തിൽ അധികം തുക കൈപ്പറ്റിയിട്ടുള്ള ബന്ധപ്പെട്ട കക്ഷിയിൽ നിന്നും 5,000/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട കക്ഷിയിൽ നിന്നും തുക തിരികെ ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, 5,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി, ബന്ധപ്പെട്ട

കണക്ക് ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**2)** അഞ്ജലി അജയൻ, ചൊള്ളമാക്കൽ, പൊൻകുന്നം എന്നയാൾക്ക് 50,000/- രൂപ സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട് (UBI അക്കൗണ്ട് നം. 622102010008694 - UBIN0562211). സബ്സിഡി മാർഗ്ഗരേഖ (സ. ഉ. (കൈ) നം. 115/2022/ തസ്വഭവ/28.05.2022), ഖ. (7.2.4)/ക്രമ നം. (8) പ്രകാരമാണ് (സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ അംഗീകൃത സർവകലാശാലകളിലെ റഗുലർ കോഴ്സ്) തുക അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ, ടിയാൾ കല്പതരു സ്കൂൾ ഓഫ് നഴ്സിംഗ്, ബൽത്തങ്ങാടി, ദക്ഷിണ കന്നഡ ജില്ല, കർണാടക എന്ന സ്ഥാപനത്തിൽ, Diploma Course In General Nursing & Midwifery (DGNM) കോഴ്സിന് ചേർന്ന് പഠനം തുടരുന്നതായാണ് പ്രോജക്റ്റ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിലെ, ഖ. (7.2.4)/ക്രമ നം. (8) പ്രകാരം, സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ അംഗീകൃത "സർവകലാശാലകളിലെ റഗുലർ കോഴ്സിനാണ്" 50,000/- രൂപ സ്കോളർഷിപ് തുക നിർദ്ദേശിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. ടിയാൾ പഠനം തുടരുന്ന 'GNM' എന്ന കോഴ്സ്, സർക്കാർ അംഗീകൃത സർവകലാശാലയിലെ റഗുലർ കോഴ്സാണോയെന്നത് സംബന്ധിച്ച്, കോഴ്സുമായി ബന്ധപ്പെട്ട രേഖകൾ, സർവകലാശാലയുടെ വിശദാംശങ്ങൾ എന്നിവ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/10.10.2024), ടിയാൾ കർണാടക സർക്കാർ അംഗീകൃത കോളേജിലെ റെഗുലർ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയായതിനാലാണ് 50,000/- രൂപ പ്രകാരം സ്കോളർഷിപ് തുക അനുവദിച്ച് നൽകിയതെന്ന മറുപടി ലഭ്യമായിട്ടുണ്ട്. എന്നാൽ, പ്രോജക്റ്റ് ഫയൽ, ലഭ്യമാക്കിയ സ്റ്റഡി സർട്ടിഫിക്കറ്റ് (നം. KSON/ SC09-B/GNM/2024/14.10.2024) എന്നിവ പ്രകാരം, GNM Is A Three Year Full Time Regular Course And The School Is Affiliated To KSDNEB Bangalore, Recognized By Indian Nursing Council, Karnataka State Nursing Council And Approved By Govt. Of Karnataka എന്ന് വ്യക്തമായിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിർദ്ദേശിയ്ക്കപ്പെട്ട പ്രകാരം, പ്രസ്തുത കോഴ്സ് "സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ അംഗീകൃത സർവകലാശാലകളിലെ റഗുലർ കോഴ്സ്" എന്ന രീതിയിൽ പരിഗണിയ്ക്കാൻ സാധ്യമല്ലാത്തതിനാൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ള മറുപടി അംഗീകരിക്കുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ, 50,000/- രൂപ പ്രകാരം സ്കോളർഷിപ് തുക അനുവദിച്ച് നൽകിയ പ്രസ്തുത നടപടിയിന്മേൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ബഹു. സർക്കാർ തീരുമാനത്തിന് വിധേയമായി ഓഡിറ്റിൽ നിന്നുമുള്ള തുടർ നടപടികൾ അറിയിക്കുന്നതാണ്.

ഭരണതല നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കുന്നത് വരെ 75,000/- രൂപയുടെ (25,000 + 50,000) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-49 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല**

| പ്രോജക്ട് നമ്പരും പേരും | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|
| 222/24 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം | 150,000/- | 150,000/- | 1/26.02.24 |

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥയായി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ (പ്രോ. നം. 222/24) പദ്ധതിയ്ക്കായി 150,000/- രൂപ ഹോംകോയിലേയ്ക്ക് അടവാക്കിയിട്ടുണ്ടെങ്കിലും 85,535/- രൂപയുടെ മരുന്നുകൾ മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 64,465/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക്, വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിശദാംശങ്ങളുടെ രേഖകൾ ഉൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 64,465/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-50 വൃദ്ധർക്ക് കട്ടിൽ വിതരണ പദ്ധതി - ചെലവ് തുകയിൽ അവ്യക്തത**

വാർഷിക പദ്ധതിയുടെ ഭാഗമായി, ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, വൃദ്ധർക്ക് കട്ടിൽ വിതരണ പദ്ധതി (ജനറൽ) നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. / പേര് | 255/2024 വൃദ്ധർക്ക് കട്ടിൽ (ജനറൽ) |
| ഫണ്ട്<br><br>അടങ്കൽ / ചെലവ് | വികസന ഫണ്ട് (ജനറൽ) + തനത് ഫണ്ട്<br>4,65,450/- / 4,60,000/- |
| ബിൽ നം. / തീയതി | 445/24.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ. സി. ഡി. എസ് സൂപ്പർവൈസർ |

പദ്ധതി പ്രകാരം കേരള സിഡ്കോ -യുടെ കട്ടിലിന്, 3,983/- രൂപ യുണിറ്റ് കോസ്റ്റിന്, ഭരണസമിതിയുടെ 6(1)/18.11.23

നം. തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത '116' കട്ടിലുകൾക്കായി ആകെ 4,61,970/- രൂപയുടെ ടാക്സ് ഇൻവോയ്സ് [ഇൻവോയ്സ് നം. KTM/23-24/142/05.02.24 (3,50,460/-) & ഇൻവോയ്സ് നം. KTM/23-24/166/23.02.24 (1,11,510/-)] ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം, ഇൻവോയ്സ് തുകയിലെ നികുതി തുക ഒഴികെയുള്ള 3,91,500/- രൂപയുടെ '2%' തുകയായ 7,830/- രൂപ ചരക്ക് സേവന നികുതി റ്റി. ഡി. എസ് നടത്തിയിട്ടുണ്ട്. ആകെ ഇൻവോയ്സ് തുകയായ 4,61,970/- രൂപയിൽ നിന്നും 7,830/- രൂപ കിഴിച്ച്, 4,54,140/- രൂപ സ്ഥാപനത്തിന് കൈമാറേണ്ടതാണെന്ന് കാണുന്നു. എന്നാൽ, പ്രസ്തുത ബില്ലിൽ 4,52,170/- രൂപയാണ് സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. പദ്ധതി അടങ്കൽ പ്രകാരമുള്ള വികസന ഫണ്ട് (ജനറൽ) തുകയായ 4,60,000/- രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ 5,450/- രൂപ വകയിരുത്തിയിരുന്നെങ്കിലും, ആയതിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല (സുലേഖ ചെലവ് പത്രിക പ്രകാരം). സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ടാക്സ് ഇൻവോയ്സ് പ്രകാരം, 1,970/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതായി വ്യക്തമായിട്ടില്ല. ടി തുക കേരള സിഡ്കോ -യ്ക്ക് കൈമാറിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/16.10.2024), മറ്റ് പഞ്ചായത്തുകളുടെ നിർവ്വഹണ ചുമതല കൂടെ ഉണ്ടായിരുന്നതിനാലും, മാർച്ച് മാസത്തിലെ തിരക്കുകൾ മൂലവും തനത് ഫണ്ടിൽ നിന്നും 1,970/- രൂപ നൽകുവാൻ സാധിച്ചില്ലായെന്ന മറുപടി ലഭ്യമായിട്ടുണ്ട്. കേരള സിഡ്കോ -യ്ക്ക് പദ്ധതി തുക കൈമാറുവാൻ അവശേഷിക്കുന്നെങ്കിൽ, ആയത് ട്രാൻസ്ഫർ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-51 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണവും നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറി ടി പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

**ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

| | |
|---|---|
| ഗ്രാമ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം | 20 |
| ആകെ ജനസംഖ്യ | 36164 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 8398 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 1947 |
| ഓരോ വാർഡിലും പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 2 |

നിലവിൽ ആകെ സേനാംഗങ്ങളുടെ എണ്ണം 40 ആണ്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫി ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ദേശീയപാതയോരത്ത് സ്ഥാപിച്ചിരിക്കുന്ന മിനി എംസിഎഫുകളുടെ സമീപം ജനങ്ങൾ അലക്ഷ്യമായി പ്ലാസ്റ്റിക്കും, പാഴ് വസ്തുക്കളും മറ്റ് മാലിന്യങ്ങളും വലിച്ചെറിയുന്ന അവസ്ഥയുണ്ട്. ഇത് മാലിന്യതരംതിരിക്കലിനായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ക്ലീൻ കേരളാ കമ്പനി നിലവിൽ കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നുണ്ട്.

ആകയാൽ മാലിന്യങ്ങൾ എം സി എഫിൽ കുന്നുകൂടിക്കിടക്കുന്ന അവസ്ഥയില്ല.

മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. പരമാവധി കലണ്ടർ പ്രകാരം കൃത്യമായ ഇടവേളകളിൽ തന്നെ മാലിന്യം ശേഖരിക്കാൻ കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ട് വരുന്നതിനു് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. എങ്കിലും ചിലയിടങ്ങളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിസ്സഹകരണം ഉണ്ടാവുന്നുണ്ട്.

മാലിന്യം വേർതിരിക്കൽ

ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ 100% ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പാതയോരങ്ങൾ, പൊതു സ്ഥലങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നിലവിൽ പഞ്ചായത്തിൽ ഇല്ല.

സാമൂഹിക അവബോധം സൃഷ്ടിക്കൽ

മാലിന്യസംസ്ക്കരണ രീതീകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

20 വാർഡുകളിലായി ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 40 ആണ്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഒരു മാസം ശരാശരി 10000 രൂപ വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതനത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

അടിസ്ഥാന സൗകര്യങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടം സൗകര്യപ്രദമാണെങ്കിലും ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടില്ല. ഹരിത സേനാംഗങ്ങൾക്ക് ഓഫീസ് മുറി, ഓഫീസ് ഫർണ്ണിച്ചർ, വസ്ത്രം മാറുന്നതിനുള്ള മുറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ശുചിമുറി നിലവിൽ ഇല്ല. സമീപത്തെ ഗ്യാസ് ക്രമറ്റോറിയത്തിനോടനുബന്ധിച്ചുള്ള ശുചിമുറിയാണ് നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾ ഉപയോഗിക്കുന്നത്. 2023-24 പ്രോജക്ടിൽ ഉൾപ്പെടുത്തി ബെയ് ലിംഗ് മിഷൻ വാങ്ങിയിട്ടുണ്ടെങ്കിലും എം സി എഫ് വൈദ്യുതീകരണം നടത്താത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. 20 വാർഡുകളുള്ളതിനാൽ വൻതോതിൽ മാലിന്യമെത്തുന്ന എം സി എഫിൽ മാലിന്യതരംതിരിവിനായുള്ള മെഷീൻ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സേനാംഗങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടത് അടിയന്തിര പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഹരിത കർമ്മ സേനയ്ക്കായി പ്രത്യേക വാഹനം പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. വാഹനം മാലിന്യശേഖരണത്തിനായി നല്ല നിലയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതിനുമായുള്ള "ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ്ങ് സിസ്റ്റം " പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് വരുന്നതേയുള്ളൂ.

പാരിസ്ഥിതിക ആഘാതം

പഞ്ചായത്തിലെ ചില വാർഡുകൾ ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്നതിനാൽ വൻതോതിൽ തരംതിരിക്കാത്ത മാലിന്യങ്ങൾ വഴിവക്കിലേയ്ക്ക് വലിച്ചെറിയുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. ഇത്തരം നടപടികൾ കർശനമായ നിരീക്ഷണ സംവിധാനത്തിലൂടെ തടയേണ്ടതാണ്.

**MCF/RRF (Material Collection Facility/Resource Recovery Facility )**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. പ്രസ്തുത കെട്ടിടത്തിലെ സൗകര്യങ്ങൾ നിലവിൽ അപര്യാപ്തമാണ്. വൈദ്യുതി, അഗ്നി സുരക്ഷാ സംവിധാനം, ജീവനക്കാർക്കുള്ള ശുചിമുറി എന്നിവയില്ല . 20 വാർഡുകളിലും മിനി എം.സി.എഫു കൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിന് മനുഷ്യപ്രയത്നം മാത്രം പോരായെന്ന് കാണുന്നു. മാലിന്യം തരംതിരിക്കാനായി യന്ത്രസഹായം ആവശ്യമാണെന്ന് കാണുന്നു.

മാലിന്യ കൈമാറ്റം

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം കൃതമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നതിനാൽ മാലിന്യങ്ങൾ എം സി എഫി ൽ കുന്നുകൂടുന്ന അവസ്ഥയില്ല.

ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ

യൂസർ ഫീ നൽകുന്നതിന് ആരംഭകാലഘട്ടങ്ങളിൽ ജനങ്ങൾക്കും കടയുടമകൾക്കും ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും നിലവിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും ചില വീടുകൾ/സ്ഥാപനങ്ങൾ നിലവിലും കൃത്യമായി യൂസർഫീ നൽകാതെയുണ്ട്. യൂസർഫീ കുറവ് ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനത്തെയും ബാധിക്കുന്നുണ്ട്. വൻതോതിലുള്ള മാലിന്യതരംതിരിവ് ഹരിതകർമ്മസേനാംഗങ്ങൾ നേരിടുന്ന

പ്രധാന വെല്ലുവിളിയാണ്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനായി പ്രത്യേകിച്ചും മഴക്കാലത്ത് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

നിരീക്ഷണങ്ങൾ

1. തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽ റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്ന സംരംഭം തുടങ്ങുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനും ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനയ്ക്കും സഹായകരമാകുന്നതാണ്.
2. എം സി എഫിന്റെ വൈദ്യുതീകരണം പൂർത്തീകരിക്കേണ്ടതാണ്.
3. എം സി എഫിൽ സെഗ്രഗേഷൻ മെഷീൻ സ്ഥാപിക്കേണ്ടതാണ്.
4.നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ് ഷോപ്പുകൾ ആരംഭിയ്ക്കുന്നത് ലെഗസിയുടെ അളവ് കുറയ്ക്കാൻ സഹായിക്കും.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2023-24 | 24.06.2024 | 08.10.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ, സംയുക്ത പ്രൊജക്ടുകളുടെ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ** | 2023-24 | 1,60,000/- | ലൈഫ് ഭവന പദ്ധതി (SCSP) (174/24) | 1,60,000/- | 0 |
| | 2023-24 | 3,02,720/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (241/24) | 3,02,720/- | 0 |
| | 2023-24 | 1,00,000/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (237/24) | 1,00,000/- | 0 |
| | 2023-24 | 2,00,000/- | ക്ഷീര കർഷകർക്ക് | 2,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി (167/24) | | |
| | **ആകെ** | **7,62,720/-** | **ആകെ** | **7,62,720/-** | **0** |
| **ജില്ലാ പഞ്ചായത്ത്, കോട്ടയം** | 2023-24 | 1,85,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (241/24) | 1,85,000/- | 0 |
| | 2023-24 | 7,993/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (167/24) | 7,993/- | 0 |
| | **ആകെ** | **1,92,993/-** | **ആകെ** | **1,92,993/-** | **0** |

**4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1) | കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് (19/24) | 2,01,184/- | 1,46,528/- | 54,656/- |

ലഭ്യമായ ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) DB30/Espnkm/2024-25/Utilization/26/28.05.24 : 31,499/-
2) DB30/Espnkm/2024-25/Utilization/25/28.05.24 : 19,407/-
3) DB30/Espnkm/2024-25/Utilization/27/28.05.24 : 67,335/-
4) DB30/Espnkm/2024-25/Utilization/28/28.05.24 : 28,287/-

ശേഷിയ്ക്കുന്ന 54,656/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജി.ഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 63,41,496/- | 46,60,000/- | *19,34,506/- | - | 90,66,990/- |

*Source Deduction
1) Development Fund General : 5,11,531/- (Proj. No : 532/24)
2) Development Fund General : 5,11,531/- (Proj. No : 537/24)
3) Development Fund General : 5,11,531/- (Proj. No : 540/24)
4) SCSP : 1,33,303/- (Proj. No : 541/24)
5) SCSP : 1,33,305/- (Proj. No : 533/24)
6) SCSP : 1,33,305/- (Proj. No : 538/24)

ബാങ്ക് ചാർജ്ജസ് ഇനത്തിലുള്ള 603/- രൂപ, Secured Loans (B-5/330500201) ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടതിനാൽ, ബാലൻസ് ഷീറ്റിലെ ബന്ധപ്പെട്ട ശീർഷകത്തിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട്, ഹഡ്കോ വായ്പയുടെ (KURDFC), ILGMS ലെഡ്ജർ പ്രകാരമുള്ള,

01.04.2023 -ലെ മുന്നിരിപ്പ് തുക 63,41,496/- രൂപയാണ്. എന്നാൽ, സ്ഥാപനത്തിലെ വായ്പ രജിസ്റ്റർ പ്രകാരമുള്ള 01.04.2023 -ലെ മുന്നിരിപ്പ് തുക 61,41,496/- രൂപയാണ്. മുന്നിരിപ്പ് തുകകളിലെ 2,00,000/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/09.10.24), മുൻ വർഷത്തെ ജി. ഓ പ്രോജക്റ്റ് പ്രകാരമുള്ള തുക, ലോൺ റീപേയ്മെന്റ് ജേണൽ എൻട്രി മുഖേന കുറവ് ചെയ്തപ്പോൾ ഉണ്ടായ അപാകതയാണെന്നും, തുടർ വർഷത്തിൽ തുക ക്രമീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

തൻവർഷം, സ്ഥാപനത്തിന്റെ പേരിൽ നിലനിൽക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ തുക ഉൾപ്പെടെ) | 2,03,43,439.23/- |
| നിക്ഷേപിച്ച തീയതി | 15.07.2023 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31.03.2024 -ലെ സ്ഥിരനിക്ഷേപ മൂല്യം | 2,03,43,439.23/- |

പ്രസ്തുത നിക്ഷേപത്തിന്റെ മെച്യൂരിറ്റി തീയതി 15.07.2024 ആണ്. പലിശ തുകയായ, 12,48,346/- രൂപ ഉൾപ്പെടാതെയുള്ള തുകയാണ്, 31.03.2024 -ലെ നിക്ഷേപ തുകയായി (20,343,439.65/-), B-12/420800101 ശീർഷകത്തിൽ നിലനിൽക്കുന്നത്.

| സ്ഥിര നിക്ഷേപ വിവരം | അക്കൗണ്ട് നം. | തുക |
|---|---|---|
| കാനറ ബാങ്ക് പൊൻകുന്നം | 2684401001436/3 | 2,03,43,439.23/- |

**4-7 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേര് | രസീത് നം. / തീയതി |
|---|---|---|---|---|
| 2021-22 | 1-31 | 6,800/- | ശ്രീ. മനോജ്. സി. ജെ | 1230100043/10.04.23 (1500/-) 1230100544/03.05.23 (1500/-) 1230101650/03.07.23 (1500/-) 1230102685/02.09.23 (2300/-) |
| ഓഡിറ്റ് വകുപ്പിന്റെ സേവന പുസ്തക പരിശോധന വേളയിൽ കണ്ടെത്തിയ അപാകതയിന്മേൽ തുക ഈടാക്കിയത് | | 226/- | ശ്രീ. ബിനു. എൻ. നായർ | 1230106097/09.02.24 |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ**

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15/ 2-3-1, 2-3-2, 2-3-3 | 2016-17 | വസ്തു നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2014-15/2-2-3, 2-2-6 | 2016-17 | തൊഴിൽ നികുതി | തീർപ്പാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | | അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16/2-3-1, 2-3-2 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2020-21 (1-12) | 2021-22 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തു നികുതി നിർണ്ണയം നടത്തുന്നത് | തീർപ്പാക്കിയിട്ടില്ല നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 130,985,868.06/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 88,747,654/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 162,606,251/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 190,834,587/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13471306 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 100000/- | ശ്രീമതി. ബിൻസി ചെറിയാൻ, സെക്രട്ടറി |
| 1-37 | 559780/- | ശ്രീമതി. ചിത്ര എസ്., സെക്രട്ടറി |
| 1-38 | 54656/- | ശ്രീമതി. ചിത്ര എസ്., സെക്രട്ടറി |
| 1-39 | 11921409/- | ശ്രീമതി. ബിൻസി ചെറിയാൻ, സെക്രട്ടറി, ശ്രീമതി. ചിത്ര എസ്., സെക്രട്ടറി |
| 1-40 | 573232/- | ശ്രീമതി. ആര്യ എസ്. |

| | | |
|---|---|---|
| | | കണ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ. ശ്രീ. ഷാനവാസ് ഇ., അസിസ്റ്റന്റ് എഞ്ചിനീയർ. ശ്രീ. രജിത്ത് എസ്., അസിസ്റ്റന്റ് എഞ്ചിനീയർ. |
| 1-46 | 60000/- | ശ്രീമതി. സുഷ ഹരി, വി.ഇ.ഒ, ചെറുവള്ളി സർക്കിൾ |
| 1-47 | 62764/- | ഡോ. നിഷാദ് മുഹമ്മദ് |
| 1-48 | 75000/- | ശ്രീമതി. സിന്ധുമാൾ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-49 | 64465/- | ഡോ. ചാണ്ടി ഇ. ഡാനിയേൽ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| **ആകെ** | 13471306/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | 10 |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | 40 |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97/27.2.98/8.3.99 | 31 |
| 1994-95 | എൽ.എഫ്.കെ.പി3 - 449/99/21.6.99/9.8.99 | 29 |
| 1996-97 | എൽ.എഫ്.കെ.പി4 -930/2000/15.11.00/4.12.00 | 5 |
| 1998-99 | എൽ.എഫ്.കെ.പി11 - 1064/07/25.2.08/4.4.08 | 2 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018) 201(2) /18/ 27.02.18 | 40 |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04/14.2.05/1.8.05 | 27 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05/16.12.05/6.2.06 | 10 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06/23.12.06/16.1.07 | 17 |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07/26.5.08/30.7.08 | 4 |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07/26.5.08/30.7.08 | 9 |
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07/26.5.08/30.7.08 | 29 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5/422/24/20.5.24 | 1 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11/4.12.12 | 24 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/396/24/10.5.24 | 5 |
| 2011-12 | എൽ.എഫ്.കെ.പി5 - 497/13/12.7.14 | 26 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/924/22/20.07.22 | 10 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1124/22 - 26.08.22 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(1)/22 - 26.08.22 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(2)/22 - 26.08.22 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(3)/22 - 26.08.22 | 8 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1410/22 - 26.08.22 | 21 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1229(4)/22 -23.01.21 | 18 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1124(1)/22 -17.08.22 | 9 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/1124(2)/22 -17.08.22 | 27 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി5/1124(2)/22 -17.08.22 | 49 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി5/1660/23 -09.11.23 | 41 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 20-06-2024 and submitted on 24-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chirakkadavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chirakkadavu Grama Panchayat as on 31-03-2024

**Date: 15/11/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Chirakkadavu Grama Panchayat for the Year 2023-2024.**

**1.Major Observations**

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2024
2. Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not updated.
3. Documents for verification of capital contribution accounted not provided. Capital contribution opening balance details, fundwise capital contribution of current year are not available.
4. The register showing the details of Capital Work in Progress is not kept.

**2.Other Observations**

1. Adequate data and calculation sheets not maintained for depreciation calculations.
2. Details of the opening balance of Specific purpose grants not available in 2023-24 Appropriation Control Register.
3. Advance register is not maintained properly.
4. Government/Other dues register not maintained properly to substantiate financial statements.
5. Reconciliation Statement of treasury accounts not provided.
6. Accrual Entry and Reciept of Institution Profession tax, Rent are not properly made in specific account head.
7. Prior Period Expenditure of 2275343/- has not authorised with relevant source documents and not given as notes on account by Secretary.
8. Prior period accrual incomes of 1,30,060/- identified and realised during 2023-24 are accounted as direct receipt instead of arrear demanded receipt.
9. The details of the opening balance under the account heads of Election Deposit, Suppliers EMD, Contractors Security Deposit and Other Deposit are not recorded in the deposit register.
10. No data is provided for the amount included under the account head 350800101 - Liability in respect of Stale Cheques in balance sheet B-9 Schedule.
11. Documents for verification of opening balance details under the head 320800101 - Beneficiary Contribution is not provided.
12. Details of unspent contribution from Block Panchayath and District Panchayath remaining upto 31/03/2024 is not available in 2023-24 Appropriation Control Register.
13. Accumulated depreciation of assets (Roads and Bridges) is recorded in excess of the asset value.

14. Balance loan amount shows in B-5 schedule not match with B-16 schedule.
15. Rent Deposit is accounted under wrong account head.
16. Closing balance amount of deposit in Kerala water Authority (KWA) is not matching with the amount adjusted by KWA during 2023-24.
17. Amount of Rs. 200000/- deposited in KSEB Ltd. as per Project No.19/24 has not accounted in Deposit Work Advance head (460500202).
18. Details of Festival Advance of 15000 rupees to be recouped as on 31/03/2024 balance sheet is not available in 2023-24 Advance Register.

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്